കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പഴയന്നൂർ ഗ്രാമപഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-ടി.എസ്.ആർ(പി4)771/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ- 680 020
ഫോൺ: 0487 23331249
ഇമെയിൽ-dotsr.ksad@kerala.gov.in
തീയതി:01.06.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പഴയന്നൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പഴയന്നൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ

15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടി.എസ്.ആർ(പി4)771/2019 തിയ്യതി: 01.06.2019

## തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 25-07-2017 മുതൽ 31-03-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.സൈമൺ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.03.2019 മുതൽ 23.03.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സാബു.പി.എസ്. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുധ.ഇ.എൻ | അസി. ഓഡിറ്റ് ഓഫീസർ |
| | കുമാരി.ഷാജിത.കെ.എം | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജയൻ.വി.എസ്. | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ശോഭന രാജൻ | 01-04-2017 മുതൽ 31-03-18 വരെ |
| സെക്രട്ടറി | ശ്രീമതി. മിനിചന്ദ്. ആർ | 01-04-2017 മുതൽ 07-06-2017 വരെ |
| | ശ്രീ.രാജീവ്.ആർ (അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി-ഇൻ ചാർജ്ജ്) | 08-06-2017 മുതൽ 08-08-2017 വരെ |
| | ശ്രീ.ചന്ദ്രൻ. ആർ, | 09-08-2017 മുതൽ 31-03-2018 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.ജോസഫ് ജോൺ തേറാട്ടിൽ | 01-04-17 മുതൽ 31-03-18 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.കെ.ഹരികൃഷ്ണൻ | 01-04-2017 മുതൽ 09-11-2017 വരെ |
| | ശ്രീമതി.ക്ലീനമ്മ.സി.പി | 10-11-2017 മുതൽ 31-03-18 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ. അജീഷ്.സി.വൈ | 01-04-17 മുതൽ 31-03-18 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.മഞ്ജുഷ മേനോൻ | 01-04-2017 മുതൽ 31-03-2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.സന്തോഷ്.കെ | 01-04-2017 മുതൽ 31-03-2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.രാജലക്ഷ്മി രാധാകൃഷ്ണൻ | 01-04-2017 മുതൽ 15-02-2018 വരെ |
| | ഡോ.ചന്ദ്രശേഖരൻ | 16-02-2018 മുതൽ 31-03-2018 വരെ |
| പ്രധാനാദ്ധ്യാപിക | ശ്രീമതി.പങ്കജം.യു. | 01-04-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ. - പഴയന്നൂർ സർക്കിൾ | ശ്രീ.ഗോപാലകൃഷ്ണൻ.വി. | 01-04-2017 മുതൽ 18-07-2017 വരെ |
| | ശ്രീ.സജിത്ത് തോമസ് | 19-07-2017 മുതൽ 19-12-2017 വരെ |
| | ശ്രീ.പ്രവീൺ.ഇ | 20-12-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ. - ഏളനാട് സർക്കിൾ | ശ്രീ.അരുൺ.പി.എസ് | 01-04-2017 മുതൽ 04-04-2017 വരെ |
| | ശ്രീ. ഗോപാലകൃഷ്ണൻ.വി. (അഡീഷണൽ ചാർജ്) | 05-04-2017 മുതൽ 19-04-2017വരെ |
| | ശ്രീ.പീറ്റർ.പി.ജി | 20-04-2017 മുതൽ 05-06-2017 വരെ |
| | ശ്രീ. ഗോപാലകൃഷ്ണൻ.വി. (അഡീഷണൽ ചാർജ്) | 06-06-2017 മുതൽ 10-07-2017 വരെ |
| | ശ്രീ.പീറ്റർ.പി.ജി | 11-07-2017 മുതൽ 16-10-2017 വരെ |
| | ശ്രീ.സജിത്ത് തോമസ് (അഡീഷണൽ ചാർജ്) | 17-10-2017 മുതൽ 11-12-2017 വരെ |
| | ശ്രീ.പീറ്റർ.പി.ജി | 12-12-2017 മുതൽ 19-12-2017 വരെ |
| | ശ്രീമതി.ഉഷാദേവി.വി.എസ് | 20-12-2017 മുതൽ 31-03-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സരസ്വതി.കെ | 01-04-2017 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ജയ്.എം.എ. | 01-04-2017 മുതൽ 18-04-2017 വരെ |
| | ഒഴിവ് | 19-04-2017 മുതൽ 30-04-2017 വരെ |
| | ശ്രീ.രാജീവ്.ആർ | 01-05-2017 മുതൽ 31-03-2018 വരെ |
| ഡയറി ഫാം | ശ്രീ.സുരേഷ് കുമാർ.ആർ. | 01-04-2017 മുതൽ |

| | | |
|---|---|---|
| ഇൻസ്ട്രക്ടർ | | 30-06-2017 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി.ഗിരിജ.ആർ | 01-07-2017 മുതൽ 22-11-2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.മഹേഷ്.ജി.സി | 23-11-2017 മുതൽ 31-03-2018 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13 | ബജറ്റ് അവലോകനം | 2-1 |
| 14 | ഡി & ഓ ലൈസൻസ് സംബന്ധിച്ച അപാകതകൾ | 2-2 |
| 15 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ | 2-3 |
| 16 | സ്കൂളുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി കൃത്യമായി ഈടാക്കുന്നില്ല | 2-4 |
| 17 | വാടക സംബന്ധിച്ച അപാകതകൾ | 2-5 |
| 18 | വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ് | 2-6 |
| 19 | ടെണ്ടർ ഫീസ് ലഭ്യമായില്ല | 2-7 |
| 20 | കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്റർ – നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല | 2-8 |
| 21 | വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ | 2-9 |
| 22 | സങ്കേതം സോഫ്റ്റ്‌വെയറിലെ രേഖപ്പെടുത്തൽ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 2-10 |

| | | |
|---|---|---|
| | ഭാഗം-3 | |
| 23 | പ്രവൃത്തി പൂർത്തീകരണ പത്രം,വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല | 3-1 |
| 24 | അക്രഡിറ്റഡ് ഏജൻസിക്ക് അഡ്വാൻസിനത്തിൽ അധിക തുക അനുവദിച്ചിരിക്കുന്നു. | 3-2 |
| 25 | കിണർ റീചാർജിംഗ് -സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ധനസഹായം അനുവദിച്ചു | 3-3 |
| 26 | ഇ.എം.എസ് വായ്പാ തിരിച്ചടവ് - പലിശയിനത്തിലെ തുക സർക്കാരിൽ നിന്നും ലഭ്യമായിട്ടില്ല | 3-4 |
| 27 | സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ലാപ്ടോപ്പ് അനുവദിച്ചു | 3-5 |
| 28 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ - അപാകതകൾ | 3-6 |
| 29 | പട്ടികജാതി പെൺകുട്ടികളുടെ വിവാഹധനസഹായം-മുൻവർഷം നടന്ന വിവാഹത്തിന് 2017-18 ലെ ധനസഹായം അനുവദിച്ചു | 3-7 |
| 30 | അംഗൻവാടികളുടെ ശോച്യാവസ്ഥ പൂർണ്ണമായി പരിഹരിച്ചിട്ടില്ല | 3-8 |
| 31 | പ്രത്യേക കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-9 |
| 32 | ഗുണഭോക്താക്കളുടെ അഭാവം –പ്രൊജക്ടുകൾ നടപ്പാക്കാൻ സാധിച്ചില്ല.വികസനഫണ്ട് വിഹിതം ലാപ്സായി | 3-10 |
| 33 | ഭവനനിർമ്മാണം ജനറൽ-അനുവദിച്ച തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-11 |
| 34 | കെ.എസ്.ഇ.ബി യുടെ അനുമതിയില്ലാതെ തെരുവു വിളക്ക് ഇനം മാറ്റി സ്ഥാപിക്കുന്നത് നിർത്തലാക്കേണ്ടതാണ് | 3-12 |
| 35 | പട്ടികവർഗ്ഗ ഫണ്ട്-പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നുവെങ്കിലും പൂർണ്ണമായും നടപ്പാക്കുന്നില്ല | 3-13 |
| 36 | ആശ്രയ- ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റാനായി കൈമാറിയ തുകകൾ പൂർണ്ണമായി ഗുണഭോക്താക്കൾക്കു | 3-14 |

| | | |
|---|---|---|
| | അനുവദിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | |
| 37 | നെൽ വിത്ത് വിതരണരേഖകൾ ഹാജരാക്കിയില്ല.ചെലവു തുക തടസ്സപ്പെടുത്തുന്നു | 3-15 |
| 38 | ഉല്പാദന ബോണസ്-കൈമാറിയ തുക പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല | 3-16 |
| 39 | ആസ്തികളുടെ ഉടമസ്ഥാവകാശം ഉറപ്പ് വരുത്താതെ നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കുന്നു | 3-17 |
| 40 | ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 3-18 |
| 41 | സിംഗിൾ ടെണ്ടർ അംഗീകരിച്ചു | 3-19 |
| 42 | സേവനനികുതി അടച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല | 3-20 |
| 43 | വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കാനായില്ല | 3-21 |
| 44 | നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടത്തുന്നില്ല | 3-22 |
| 45 | ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല | 3-23 |
| 46 | റോഡ് കണക്റ്റിവിറ്റി പ്ലാൻ, ഭൂപടം എന്നിവ തയ്യാറാക്കിയിട്ടില്ല | 3-24 |
| 47 | ഗുണഭോക്തൃസമിതി രൂപീകരണം, പ്രവൃത്തി നിർവ്വഹണം എന്നിവ സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-25 |
| 48 | സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ അക്രഡിറ്റഡ് ഏജൻസിയുമായി കരാറിലേർപ്പെട്ടു | 3-26 |
| 49 | ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പൂർണ്ണമല്ല | 3-27 |
| 50 | കുടിവെള്ള പദ്ധതികൾക്കായി തുടർ പ്രൊജക്ടുകൾ രൂപീകരിച്ചിട്ടില്ല | 3-28 |
| 51 | റോഡ് സംരക്ഷണ ഗ്രാന്റുപയോഗിച്ച് മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തികൾ നിർവ്വഹിച്ചു | 3-29 |
| 52 | എസ്.സി. ഭവന റിപ്പയർ – ഗുണഭോക്താവിനെ സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല | 3-30 |
| | ഭാഗം-4 | |
| 53 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 54 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 55 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 56 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 57 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 58 | ഓഡിറ്റ് റിക്കവറി | 4-6 |
| 59 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 60 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 61 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 62 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 63 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 64 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം 1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 21.03.2017 തിയ്യതിയിലെ 1(17)ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. അതു പ്രകാരം ആകെ വരവ് 324165000/- രൂപയും ആകെ ചെലവ് 323256000/- രൂപയും ആണ്. 09.02.2018ലെ 4(1) ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കി. അതു പ്രകാരം വരവ് 328220680/- രൂപയും ആകെ ചെലവ് 330488000/- രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 19.06.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.06.2018 & 26.06.2018 | കെ.എസ്.എ.ടി.എസ്.ആർ (ഇ3) – 1150/18(63)/12.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17041130 |
| വരവ് | 105911666 |

| | |
|---|---|
| ആകെ | 122952796 |
| ചെലവ് | 105156079 |
| നീക്കിയിരിപ്പ് | 17796717 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (40 b ) പ്രകാരം ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 25171277 | 25171277 | 20333290 | 4837987 |
| വികസനഫണ്ട് എസ്.സി.പി. | 0 | 16184333 | 16184333 | 16139333* | 45000* |
| വികസനഫണ്ട് ടി.എസ്.പി. | 0 | 257895 | 257895 | 255500 | 2395 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 15099530 | 15099530 | 15092859 | 6671 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6815227 | 6815227 | 6762166 | 53061 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 11915862 | 11915862 | 6126374 | 5789488 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 1651660 | 1651660 | 1637608 | 14052 |
| എം.എൻ.ആർ.ഇ.ജി.എസ്. | | | | | |
| തൊഴിലാളികളുടെ കൂലി | 0 | 52807082 | 52807082 | 52807082 | 0 |
| അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 21150 | 140560 4 | 1426754 | 1425952 | 802** |
| 100 ദിവസത്തെ ഇൻസെന്റീവ് | 0 | 234000 | 234000 | 234000 | 0 |
| ഹരിയാലി | 263460 | 9977 | 273437 | 0 | 273437 |
| ടി.എസ്.സി | 5000 | 25000 | 30000 | 30000 | 0 |
| ഐ.സി.ഡി.എസ് | 791521 | 1561483 | 2353004 | 705182 | 1647822 |
| ഒ.ഡി.എഫ് | 352112 | 0 | 352112 | 297400 | 54712 |
| ചിയാക് | 0 | 6682 | 6682 | 0 | 6682 |
| ബേടി ബചാവൊ ബേടി പഠാവോ | 0 | 41000 | 41000 | 0 | 41000 |
| എം.എൽ.എ ഫണ്ട് | 0 | 92062 | 92062 | 92062 | 0 |

കുറിപ്പ്:

***** 2017-18 സാമ്പത്തിക വർഷത്തിലെ വികസന ഫണ്ട് എസ്.സി.പി.-എ.സി.ആർ. പ്രകാരം ചെലവ് 16,13,933/- രൂപയും എ.എഫ്.എസ്. പ്രകാരം 16,11,433/- രൂപയുമാണ്. പ്രസ്തുത വ്യത്യാസം (25000/- രൂപ) പ്രൊജക്ട് നമ്പർ 274/18 (ഭവനം വാസയോഗ്യമാക്കൽ-എസ്.സി.പി.) പ്രൊജക്ടിൽ 22.03.18-ന് 25,000/- രൂപയുടെ റിക്വിസിഷൻ വെബ് സാംഖ്യയിൽ എൻട്രി വരുത്തുകയും എന്നാൽ ബിൽ കോപ്പി ട്രഷറിയിൽ സമർപ്പിക്കുകയോ, ട്രഷറിയിൽ നിന്നും തുക പിൻവലിക്കുകയോ ചെയ്തിട്ടില്ല എന്നതിനാലാണ്.

****** NREGA – സാംഖ്യ റിപ്പോർട്ടുകൾ (income & expenditure, Receipt & Payment) പ്രകാരമുള്ള ക്ലോസിങ്ങ്

ബാലൻസിൽ 1015/- രൂപ (1817-802) issue ചെയ്ത് മൂന്ന മാസത്തിനു ശേഷം തുക മാറാത്ത രണ്ടു ചെക്കുകളുടെ തുക liability in respect of stale cheque എന്ന ഹെഡിലേക്ക് ജേണൽ എൻട്രി ചെയ്തതാണ്. (Receipt No. 117010500013/31.3.18 തുക -300/-, Rt. No. 117010500014/31.3.18- തുക -715/-)

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 265 | 123318679 | 192 | 77718171 | 0 | 73 | 72.50 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 21150 | 1405604 | 1426754 | 1425952 | 802 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 52807082 | 52807082 | 52807082 | 0 |
| 100 മനുഷ്യദിനം പൂർത്തിയാക്കിയവർക്കുള്ള ഇൻസെന്റീവ് | 0 | 234000 | 234000 | 234000 | 0 |
| ആകെ | 21150 | 54446686 | 54467836 | 54467034 | 802 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 117600 | 200 |
| കർഷകതൊഴിലാളി പെൻഷൻ | 12055200 | 4200 |
| വിധവാപെൻഷൻ | 18868600 | 6160 |
| വാർദ്ധക്യകാലപെൻഷൻ | 33132900 | 9747 |
| വികലാംഗപെൻഷൻ | 5326100 | 1753 |
| അവിവാഹിതരായ 50 വയസ്സ കഴിഞ്ഞവർക്കുള്ള പെൻഷൻ | 2698300 | 869 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 660000 | 22 |

# 1-9 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.03.2019 തീയതിയിൽ 3.30 pm- ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 57,333/- (അമ്പത്തിഏഴായിരത്തി മുന്നൂറ്റി മുപ്പത്തിമൂന്ന് രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. വരവ് ചെലവുകളെ നിയന്ത്രിക്കുന്നതിന് ബജറ്ററി നിയന്ത്രണം നിലവിലില്ല.
2. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് അക്കൗണ്ടിംഗ് മാന്വൽ നിലവിലില്ല.
3. ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല.
4. ആസ്തികളുടെ ഉടമസ്ഥാവകാശം ഉറപ്പ് വരുത്താതെ നിർമ്മാണപ്രവൃത്തികൾ നിർവ്വഹിക്കുന്നു.

മേൽ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

# 1-11 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.02.2019 | 01.01.19 മുതൽ 31.1.2019 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.11.2016 | 2011-12 മുതൽ 2015-16 വരെ | 07.01.2017 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1. വാർഷിക കണക്കുകളോടൊപ്പം ഹാജരാക്കേണ്ട അടിസ്ഥാന അനുപാതങ്ങളുടെ പത്രിക (2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളിലെ ചട്ടം 62 (എഫ്)) ഹാജരാക്കിയിട്ടില്ല.

2. പഴയന്നൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ സൂക്ഷിച്ചിട്ടുള്ള തനതു ഫണ്ടിന്റെ റിക്കൺസിലിയേഷൻ പത്രികയിൽ cheque deposited but not collected from bank എന്ന ഇനത്തിൽ ചെക്ക് നം./തീയതി രേഖപ്പെടുത്താത്ത 4340/- രൂപ കാണിച്ചിട്ടുണ്ട്. മേൽത്തുക കളക്ഷൻ വരാത്തതു സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

3. വാട്ടർ ചാർജ്ജ്(കറന്റ്) ഇനത്തിന്റെ സാംഖ്യ (വാർഷിക കണക്ക്) പ്രകാരമുള്ള ഡി.സി.ബി യും, രജിസ്റ്റർ പ്രകാരമുള്ള ഡി.സി.ബി യും പൊരുത്തപ്പെടുന്നില്ല.

| | ഡിമാൻഡ് | കളക്ഷൻ | ബുക്ക് അഡ്ജസ്റ്റ്മെന്റ് | ബാലൻസ് |
|---|---|---|---|---|
| സാംഖ്യ (AFS) | 327400 | 274623 | 3030 (Advance) | 49747 |
| വാട്ടർ ചാർജ്ജ് ഡിമാൻഡ് രജിസ്റ്റർ | 337248 | 274623 | 3030 | 59595 |

സാംഖ്യയിൽ ഡിമാൻഡ് കുറവ് ചെയ്തിരിക്കുന്നു.

4. സ്ഥിരനിക്ഷേപം FD No. 183190/25.4.2006 (തുക 673611) ആയി ബന്ധപ്പെട്ട അക്കൗണ്ട് നം. 80012284084 ന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം 11098/- രൂപ പിൻവലിച്ചിട്ടുണ്ട്. ആയതിന് അടിസ്ഥാനമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5. അഡ്വാൻസ് രജിസ്റ്റർ പ്രകാരം പ്രൊജക്ട് നം. 272/18 പ്രകാരം 2017-18 സാമ്പത്തിക വർഷം KSEB യിൽ ഡെപ്പോസിറ്റ് ചെയ്ത 297320/- രൂപ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ advance to implementing agencies

എന്ന ശീർഷകത്തിലും R-P 47 ലും ചേർത്തിട്ടില്ല.

6. പബ്ലിക് കംഫർട്ട് സ്റ്റേഷൻ കുടിശ്ശിക ഡി.സി.ബി, ബസ് സ്റ്റാൻഡ് ഫീ കുടിശ്ശിക ഡി.സി.ബീ എന്നിവ ബന്ധപ്പെട്ട ഡിമാൻഡ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

7. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷിക കണക്കിലെ ആസ്തികളുടെ മൂല്യം (91694135.00) പരിശോധിക്കത്തക്ക വിധമല്ല ആസ്തി രജിസ്റ്ററിന്റെ നിലവിലെ ഘടന.

8. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം Net decrease in Cash/Cash equivalents 755587/- Net cash generated 12200987/- രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

9. വസ്തു നികുതി - സഞ്ചയ സാംഖ്യ കണക്കുകൾ(തൻവർഷം) പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) 2016-17 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരമുള്ള other deposit revenue ഇനത്തിൽ നിലവിലുണ്ടായിരുന്ന 705150/- രൂപയിൽ 653538/- രൂപ വസ്തുനികുതിയിനത്തിലുള്ള അഡ്വാൻസ് കളക്ഷനായിരുന്നു. തൻവർഷത്തെ വാർഷിക കണക്കിൽ B-7 ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിൽ 69920/- രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്. വസ്തു നികുതിയിനത്തിലുള്ള 653538/- രൂപയും അഡ്ജസ്റ്റ് ചെയ്തതായി കാണുന്നു. എന്നാൽ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം റസിഡൻഷ്യൽ നോൺ റസിഡൻഷ്യൽ (കറന്റ്) ഇനങ്ങളിലേയ്ക്കായി 246163/- രൂപയാണ് ക്രമീകരിച്ചതായി കാണുന്നത്. സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം കുടിശ്ശിക ഡിമാൻഡുകളിലേയ്ക്ക് ക്രമീകരിച്ചിട്ടുമില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| | ഡിമാൻഡ് | കളക്ഷൻ | ബുക്ക് അഡ്ജസ്റ്റ്മെന്റ് | ബാലൻസ് - ലൈബ്രറി സെസ് അടക്കം | 2018-19 ലേയ്ക്കുള്ള അഡ്വാൻസ് |
|---|---|---|---|---|---|
| 1. നോൺ റസിഡൻഷ്യൽ (കറന്റ്) | | | | | |
| സാംഖ്യ<br>സഞ്ചയ | 3473466<br>3473466 | 2830224<br>2830224 | --<br>93216 | 606329<br>606329 | 56075<br>56075 |
| 3.റസിഡൻഷ്യൽ (കറന്റ്) | | | | | |
| സാംഖ്യ | 2633497 | 1867330 | -- | 687500 | 174325 |
| സഞ്ചയ | 2633497 | 1867330 | 152947 | 687500 | 174325 |
| ആകെ | | | 246163 | | |

സഞ്ചയ പത്രികകളിൽ ഡിമാന്റിൽ നിന്നും കളക്ഷനും ബുക്ക് അഡ്ജസ്റ്റ്മെന്റും കുറവ് ചെയ്താൽ ലഭിക്കുന്ന ബാലൻസ് തുക പത്രികയിൽ കാണിച്ചിരിക്കുന്ന ബാലൻസ് തുകയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

ബി) 2016-17 ലെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം റസിഡൻഷ്യൽ കെട്ടിടങ്ങളുടെ കുടിശ്ശികയിനത്തിൽ ലൈബ്രറി സെസ് അടക്കം 5911357/- രൂപ ഈടാക്കാനുണ്ടായിരുന്നു. നോൺ

റസിഡൻഷ്യൽ ഇനത്തിൽ ഇൗടാക്കാനുള്ള തുക പ്രത്യേകം കാണിച്ചിരുന്നില്ല. 2017-18 ലെ സഞ്ചയ പ്രകാരം റസിഡൻഷ്യൽ കെട്ടിടങ്ങളുടെ കുടിശ്ശിക ഡിമാൻഡ് ലൈബ്രറി സെസ്സ് അടക്കം 2156663/- രൂപയും, നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ കുടിശ്ശിക ഡിമാൻഡ് ലൈബ്രറി സെസ് അടക്കം 2966070/- രൂപയും അടക്കം ആകെ 5122733/- രൂപയാണ്. കുടിശ്ശിക ഡിമാൻഡിൽ കുറവ് വരുത്തിയതായി കാണുന്നു.

10. 2017-18 വാർഷിക കണക്കിന്റെ I-18 (Prior perioditems) ഷെഡ്യൂളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ഇനങ്ങളിൽ ജേണൽ വൗച്ചർ പ്രകാരം എഴുതിതള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ച തുകകൾക്കും തിരുത്തൽ എൻട്രികൾക്കും ക്ഷമതയുള്ള ഉദ്യോഗസ്ഥൻ അംഗീകരിച്ച വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലമേകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയില്ല. വിശദാംശം ചുവടേ ചേർക്കുന്നു.

| ശീർഷകം | ഇനം | തുക |
|---|---|---|
| 280100101 | Prior Period Income – Property tax on residential building | 256744 |
| 280100104 | Prior Period Income – Property tax on Non - residential building | 95954 |
| 280800101 | Prior Period Income – Establishment expense | 33952 |

# ഭാഗം-2
# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് അവലോകനം

ഗ്രാമപഞ്ചായത്തുകളിലെ ബജറ്റ് രൂപീകരണം സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും സെക്ഷൻ 214 പ്രകാരം സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെട്ട ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ാം തീയതിക്ക് മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച കൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വരും വർഷത്തെ പ്രവർത്തനങ്ങളുടെ പ്രവർത്തനരേഖയായ വാർഷിക ബജറ്റിന്റെ രൂപീകരണത്തിലും നടപടിക്രമങ്ങളിലും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉൾപ്പെടെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് ബജറ്റ്. തദ്ദേശ സ്ഥാപനങ്ങളുടെ കാഴ്ചപ്പാടും ലക്ഷ്യവും സാക്ഷാൽക്കരിക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശവും ഇടപെടലുകളും അനിവാര്യമാണ്.

ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തുകയോ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും നിർദ്ദേശങ്ങൾ ലഭിച്ചതായോ രേഖപ്പെടുത്തി കാണുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്തിനു മുമ്പാകെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

തയ്യാറാക്കി ജനറൽ കമ്മിറ്റിയിലേക്ക് ശുപാർശ ചെയ്തിരിക്കുന്നത് 09.03.17 നാണ്. ബജറ്റ് ഭരണസമിതിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിരിക്കുന്നത് 21.03.2017നാണ്. ബജറ്റ് നടപടികൾ സമയബന്ധിതമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പുതിയ നികുതി നിർദ്ദേശങ്ങളോ അത്തരത്തിലുള്ള ചർച്ചകളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാന വർദ്ധനവിനോടൊപ്പം പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പാക്കാൻ ഉതകുന്ന സേവന ഉപനികുതി ചുമത്തൽ മുതലായ നിർദ്ദേശങ്ങൾ, കാര്യക്ഷമമായ ഇടപെടലുകൾ എന്നിവ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഭാഗത്തു നിന്ന് ഉണ്ടാകാവുന്നതാണ്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(i) പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യേണ്ടതാണ്.

# 2-2 ഡി & ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ

ഡി & ഒ ലൈസൻസ് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 331 സ്ഥാപനങ്ങളാണ് പഞ്ചായത്ത് പരിധിയിലുള്ളത്, എന്നാൽ ഡി & ഓ ലൈസൻസ് രജിസ്റ്റർ പ്രകാരം 783 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. ഓരോ വർഷവും പുതുതായി പ്രവർത്തനമാരംഭിക്കുന്ന സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയും പ്രവർത്തനം അവസാനിപ്പിച്ചവയെ ഒഴിവാക്കിയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

2) a. V/621 കെട്ടിട നമ്പറിൽ പ്രവർത്തിക്കുന്ന അൽ-ഷിഫ മാച്ച് കമ്പനിയുടെ ലൈസൻസിനുള്ള അപേക്ഷയോടൊപ്പം ഫയർ എൻ.ഒ.സി, സാനിറ്ററി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

b. II/792 കെട്ടിട നമ്പറിൽ പ്രവർത്തിക്കുന്ന ഏയ്ഞ്ചൽ ഫോം പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 110 HP യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപ പത്രം ഹാജരാക്കിയിട്ടില്ല.

3) പെട്രോൾ പമ്പ് (എൻ.എസ്.ഏജൻസി), ഗ്യാസ് ഏജൻസി (TELLUS HP Gas Agency) എന്നീ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി യഥാക്രമം 2,000/-, 1,000/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. അപേക്ഷയിൽ വിറ്റുവരവ്, ജീവനക്കാരുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തേണ്ടതും ചട്ട പ്രകാരമുള്ള പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

4) XVII/794, കെട്ടിട നമ്പറിൽ പ്രവർത്തിക്കുന്ന നിള മെറ്റൽസിന്റെ ക്രഷർ യൂണിറ്റിന്റെ അപേക്ഷയിൽ 1368 HP യന്ത്രങ്ങൾ പ്രവർത്തിക്കുന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് പ്രകാരം 13,680/- രൂപ ലൈസൻസ് ഫീസ് ഈടാക്കേണ്ടിയിരുന്നു. എന്നാൽ 4,000/- രൂപ മാത്രമാണ് ഫീസ് ഈടാക്കിയിരിക്കുന്നത്.
ലൈസൻസ് ഫീസിനത്തിൽ കുറവ് വന്ന 9,680/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 2-3 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

1) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ്, വെണ്ടൂർ | II |
| 2 | നിർമ്മിതി ഉപകേന്ദ്ര | II |
| 3 | പോലീസ് സ്റ്റേഷൻ, പഴയന്നൂർ | II |
| 4 | MGLC, തിരുമണി | I & II |
| 5 | അമ്മ സ്കൂൾ | I & II |
| 6 | സരസ്വതി വിദ്യാ നികേതൻ | I & II |
| 7 | സെന്റ് ജോസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, എളനാട് | I & II |
| 8 | സെന്റ് ജോസഫ് ഇംഗ്ലീഷ് | I & II |

| | മീഡിയം സ്കൂൾ, എളനാട് | |
|---|---|---|

2) താഴെ പറയുന്നവ സ്ഥാപന തൊഴിൽ നികുതി അടവാക്കി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കനറാ ബാങ്ക്, പഴയന്നൂർ | I |
| 2 | കനറാ ബാങ്ക്, എളനാട് | I |
| 3 | രാജ് റീജൻസി | I & II |
| 4 | നവോദയ മെഡിക്കൽ സെന്റർ | I & II |
| 5 | കെ.എസ്.ഇ.ബി, എളനാട് | I & II |
| 6 | കേരള ഗ്രാമീൺ ബാങ്ക്, പഴയന്നൂർ | I & II |

3) നാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ ജീവനക്കാരുടെ തൊഴിൽ നികുതി പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള വേതനത്തിന് ആനുപാതികമായി നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം. | പേര് | അർദ്ധവാർഷിക വേതനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | സിന്ധു രമേഷ് | 1,50,000 | 750 | 1250 | 500 |
| 2 | പ്രീതി രാംമോഹൻ | 78,000 | 600 | 750 | 150 |
| 3 | ആശ.സി | 66,000 | 450 | 600 | 150 |
| 4 | മഞ്ജു.പി | 66,000 | 450 | 600 | 150 |
| 5 | സുജാത.കെ.ബി | 66,000 | 450 | 600 | 150 |
| 6 | ഉഷാകുമാരി | 66,000 | 450 | 600 | 150 |
| 7 | ദീപ.ടി.പി | 66,000 | 450 | 600 | 150 |
| 8 | ആര്യ.പി.കെ | 48,000 | 300 | 450 | 150 |
| 9 | ശാരിക.കെ | 54,000 | 300 | 450 | 150 |
| 10 | വിനീത.വി | 54,000 | 300 | 450 | 150 |
| 11 | ജയലക്ഷ്മി.വി | 66,000 | 450 | 600 | 150 |
| 12 | ഭവ്യ.വി | 48,000 | 300 | 450 | 150 |
| 13 | ശോഭ.കെ | 60,000 | 450 | 600 | 150 |
| 14 | ഗീത ജയപ്രകാശ് | 72,000 | 450 | 600 | 150 |
| 15 | ശോഭന | 54,000 | 300 | 450 | 150 |
| 16 | ശ്യാമള ബാലകൃഷ്ണൻ | 72,000 | 450 | 600 | 150 |
| 17 | അശ്വതി.ടി.കെ | 48,000 | 300 | 450 | 150 |
| 18 | പ്രിയ നമ്പ്യാർ | 48,000 | 300 | 450 | 150 |
| 19 | ധന്യ സന്തോഷ് | 66,000 | 450 | 600 | 150 |
| 20 | സുഭാഷ്.വി | 48,000 | 300 | 450 | 150 |
| 21 | സുധ.കെ.കെ | 36,000 | 180 | 300 | 120 |
| 22 | ശ്രീരാഗ്.പി.കെ | 36,000 | 180 | 300 | 120 |
| 23 | പ്രിയംവദ | 24,000 | 180 | 120 | 60 |
| 24 | രാമകൃഷ്ണൻ.കെ.പി | 36,000 | 180 | 300 | 120 |
| ആകെ | | | | | 3770 |

രണ്ട് അർദ്ധവർഷത്തിലുമായി കുറവ് വന്ന തൊഴിൽ നികുതി 7540/- (3770x2) രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

മേൽ വിവരങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 19/21.03.19 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

# 2-4 <u>സ്കൂളുകളിലെ ജീവനക്കാരുടെ തൊഴിൽ</u>

# നികുതി കൃത്യമായി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ 2017-18 സാമ്പത്തിക വർഷത്തിൽ N.S.S ഇംഗ്ലീഷ് മീഡിയം സ്കൂൾ, സെന്റ് തോമസ് കോൺവെന്റ് സ്കൂൾ, ബെവിമിക് ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതിയീടാക്കിയപ്പോൾ കുറഞ്ഞ വേതന നിരക്കാണ് രേഖപ്പെടുത്തി കാണുന്നത്. അമ്മ സ്കൂൾ, സരസ്വതി വിദ്യ നികേതൻ, സെന്റ് ജോസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ എളനാട്, സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ എളനാട് എന്നിവയിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായും കാണുന്നില്ല.

ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന സ്കൂളുകളിലെ അധികൃതർ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ ജീവനക്കാരുടെ വേതന വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും പ്രസ്തുത ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല സർക്കാർ നിർദ്ദേശിച്ച നിരക്കിനേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ശമ്പളവും മറ്റാനുകൂല്യങ്ങളും ജീവനക്കാർക്ക് നൽകിയത്. ഇത് തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്ത് ഫണ്ടിനും നഷ്ടം വരുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുന്നുണ്ടോ എന്നും, രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണോ എന്നും തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് സെക്രട്ടറി ഉറപ്പ് വരുത്തുന്നില്ല.

1988ലെ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷന്റെ (സി.ബി.എസ്.ഇ) അഫിലിയേഷനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിക്കുന്നത് ഇന്ത്യയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകളിലെ ജീവനക്കാർക്ക് അതേ തസ്തികയിൽ ജോലി ചെയ്യുന്ന സംസ്ഥാന സർക്കാർ സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്ന ശമ്പള സ്കെയിലിലെ വേതനവും, മറ്റ ആനുകൂല്യങ്ങളും നൽകണമെന്നാണ്. [അഫിലിയേഷൻ ബൈലോയിലെ ഖണ്ഡിക 3(v)കാണുക]. മേൽ ബൈലോയിലെ ഖണ്ഡിക നം. 8(5) പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകളുടെ പശ്ചാത്തല സൗകര്യങ്ങൾ എല്ലാ 5 വർഷവും കൂടുമ്പോൾ സാക്ഷ്യപ്പെടുത്തി നൽകേണ്ടത് പഞ്ചായത്തുകളാണ്. ഖണ്ഡിക 13 (3) പ്രകാരം ഏതൊരു സംസ്ഥാന/കേന്ദ്ര/ലോക്കൽ അതോറിറ്റി ആവശ്യപ്പെടുന്ന വിവരങ്ങളും സമയ പരിധിക്കുള്ളിൽ നൽകാൻ സ്കൂൾ അധികാരികൾ ബാധ്യസ്ഥരാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ നിന്നും ആവശ്യമായ എല്ലാ വിവരങ്ങളുമടങ്ങിയ റിട്ടേണുകൾ വാങ്ങുകയും, ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും, റിട്ടേണുകളുടെ കൃത്യത പരിശോധിക്കാതെ നികുതി ഈടാക്കിയതിന് വിശദീകരണം നൽകേണ്ടതുമാണ്.

# 2-5 വാടക സംബന്ധിച്ച അപാകതകൾ

1) വാടക സംബന്ധിച്ച ബൈലോ അംഗീകാരത്തിനായി പഞ്ചായത്ത് ഡയറക്ടർക്ക് 09.07.2012 തീയതിയിലെ കത്ത് നമ്പർ A3-4099/09 പ്രകാരം അയച്ച് കൊടുത്തതായി ഫയലിൽ കാണുന്നു. എന്നാൽ അംഗീകാരം ലഭിച്ചതിന്റെ വിവരങ്ങൾ കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 2/13.03.19 നുള്ള മറുപടിയിൽ ബൈലോ അംഗീകാരത്തിനായി അയച്ചതിന് മറുപടി ലഭ്യമായിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ബൈലോ അംഗീകാരം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) നിലവിൽ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 37 മുറികളിൽ 3 എണ്ണം, മിനി ഷോപ്പിംഗ് കോംപ്ലക്സിലെ 12 മുറികളിൽ 2 എണ്ണം, അമ്പലനട ഷോപ്പിംഗ് കോംപ്ലക്സിലെ 25 മുറികളിൽ 5 എണ്ണം എന്നിങ്ങനെ ഒഴിഞ്ഞ് കിടക്കുന്നതായി ഓഡിറ്റ് അന്വേഷണം നം. 2/13.03.19 നുള്ള മറുപടിയായി അറിയിച്ചിട്ടുണ്ട്. ഇവ വാടകക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3) കെ.എസ്.ഇ.ബി ഉപയോഗിക്കുന്നതും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ I/725 നമ്പർ കെട്ടിടത്തിന് കെ.എസ്.ഇ.ബി യിൽ നിന്നും വാടക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 2-6 വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്.

വെള്ളക്കരം കുടിശ്ശിക ഇനത്തിൽ 1,76,893/- രൂപയും 2017-18 വർഷത്തേതായി 49,747/- രൂപയും പിരിച്ചെടുക്കാനുള്ളതായി വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-15 പ്രകാരം കാണുന്നു. ഈ തുക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഡി.സി.ബി രജിസ്റ്ററിൽ മുഴുവൻ രേഖപ്പെടുത്തലുകൾ വരുത്തുകയും സാക്ഷ്യപ്പെടുത്തി ആധികാരികമാക്കുകയും ചെയ്യേണ്ടതാണ്.

# 2-7 ടെണ്ടർ ഫീസ് ലഭ്യമായില്ല

പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ ഇ ടെണ്ടർ നടത്തുമ്പോൾ കരാറുകാർ അടക്കുന്ന ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് തിരികെ ലഭ്യമാകേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 22/23.3.19 ന് മറുപടിയായി 2016-17 സാമ്പത്തികവർഷം വരെയുള്ള ടെണ്ടർഫീ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ടെണ്ടർ ഫീസ് ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ യഥാസമയം തയ്യാറാക്കി സൂക്ഷിക്കേണ്ടതും നാളിതുവരെയുള്ള തുക ലഭ്യമാക്കാനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 2-8 കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്റർ- നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല

**2011** ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം **17(1)** പ്രകാരം ഒരു കെട്ടിട നിർമ്മാണാനുമതി **3** വർഷത്തേക്ക് സാധുവായിരിക്കുന്നതാണ്. സാധുതാ കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിന്മേൽ ഓരോ മൂന്ന് വർഷക്കാലാവധിക്ക് രണ്ടു പ്രാവശ്യം കൂടി പെർമിറ്റ് കാലാവധി നീട്ടി നൽകാവുന്നതാണ്. പഞ്ചായത്തിലെ കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ **3** വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെ തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലയളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. സാധുതാ കാലയളവ് അവസാനിച്ച ശേഷവും അനുമതി പുതുക്കാതെയും കാലാവധി നീട്ടി നൽകാതെയും തുടരുന്ന കെട്ടിട നിർമ്മാണ അനുമതികളിന്മേൽ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല.

**2011** ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം **4** അനുസരിച്ച് സാധുവായ പെർമിറ്റില്ലാതെ ഭൂവികസനം, കെട്ടിട നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ നടത്താവുന്നതല്ല. സമയാസമയം നടപടികൾ കൈക്കൊള്ളുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ച കാരണം കെട്ടിടങ്ങൾ ക്രമവത്കരണം നടത്തേണ്ടുന്ന പക്ഷം ആയിനത്തിലും, FAR നുള്ള അധിക ഫീസ്, അധിക പെർമിറ്റ് ഫീസ് തുടങ്ങിയ ഇനങ്ങളിലും പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവാനിടയുണ്ട്.

# 2-9 വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ

1) I/308A,B,C എന്നീ നമ്പറുകൾ നൽകി അനൂപ്, കാരേക്കാട്ട് വീട്, വടക്കേത്തറ എന്നയാളുടെ വാണിജ്യ കെട്ടിടം നികുതി നിർണ്ണയിച്ചപ്പോൾ വഴി സൌകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് വരുത്തിയിട്ടില്ല. പ്ലാനിൽ 5 മീറ്റർ വഴി എന്ന് കാണിച്ചിട്ടുണ്ട്.

2) XIX/803A മുതൽ O വരെ നമ്പറുകൾ നൽകി മധുസൂദനൻ, കളപ്പുരയിൽ വീട്, തെക്കേത്തറ എന്നയാളുടെ കെട്ടിടത്തിന് നികുതി നിശ്ചയിച്ചപ്പോൾ ആകെ 565.35$m^2$ വിസ്തീർണ്ണത്തിനാണ് നികുതി ഈടാക്കിയിട്ടുള്ളത്. എന്നാൽ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം 605.73$m^2$ ആണ്.

3) XIII/552 B,C,D എന്നീ നമ്പറുകൾ നൽകി നികുതി നിശ്ചയിച്ച വാണിജ്യ കെട്ടിടത്തിന്റെ പെർമിറ്റ് നം. A4-1184/2014 തീ.19.03.14 പ്രകാരം 18.03.17 ന് 385 $m^2$ നിർമ്മാണത്തിനുള്ള പെർമിറ്റ് കാലാവധി അവസാനിച്ചു. എന്നാൽ 30.03.17 ന് 106.54 $m^2$ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിട നമ്പർ ലഭിക്കുന്നതിന് അപേക്ഷിക്കുകയും നികുതി നിശ്ചയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ക്രമവൽക്കരണ ഫീസ് ഈടാക്കുകയോ ബാക്കി നിർമ്മാണത്തിനുള്ള അനുമതി പുതുക്കുന്നതിന് അപേക്ഷിക്കുകയോ ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല.

ചട്ടപ്രകാരമുള്ള ക്രമവൽക്കരണ ഫീസ് ഈടാക്കേണ്ടതും അനുമതി പുതുക്കാതെ തുടർന്ന് നിർമ്മാണം നടത്തുന്നുണ്ടെങ്കിൽ ആയതിനെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-10 സങ്കേതം സോഫ്റ്റ്‌വെയറിലെ രേഖപ്പെടുത്തൽ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

ഗ്രാമപഞ്ചായത്തിലെ പെർമിറ്റ് അപേക്ഷകൾ 2017 ഡിസംബർ മുതൽ സങ്കേതം സോഫ്റ്റ്‌വെയർ മുഖേനയാക്കി ഡാറ്റ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന രേഖപ്പെടുത്തലുകൾ സോഫ്റ്റ്‌വെയറും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| അപേക്ഷകൻ | അപേക്ഷ | പെർമിറ്റ് രജിസ്റ്റർ | | സങ്കേതം | |
|---|---|---|---|---|---|
| | | Floor Area ($m^2$) | Amount | Builtup area ($m^2$) | Amount |
| Sr. അലക്സ് & അദേഴ്സ് | 10544/27.11.17 | 431.49 | 331 | 3451.92 | 2157 |
| ആനി ചെറിയാൻ & ചെറിയാൻ മാടവന, കല്ലേപാടം | 11734/ 26.12.17 | Prop. GF – 95.5 Prop. FF – 90.84 Ex : GF 107.38 | 301 | 831.08 | 301 |
| ചന്ദ്രശേഖരൻ, വെങ്ങാലി | 1195/ 09.02.18 | 199.59 | 320/- | 798.36 | 320/- |

ഇപ്രകാരം രേഖപ്പെടുത്തലുകൾ തമ്മിൽ പൊരുത്തപ്പെടാത്തതിന് വിശദീകരണം നൽകേണ്ടതും, സോഫ്റ്റ്‌വെയറിൽ ഡാറ്റാ upload ചെയ്തതിലുണ്ടായ വ്യത്യാസം പൊരുത്തപ്പെടുത്തേണ്ടതുമാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ്

# നിരീക്ഷണങ്ങൾ

## 3-1 പ്രവൃത്തി പൂർത്തീകരണ പത്രം,വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല

2017-18 സാമ്പത്തികവർഷം വിവിധ പ്രൊജക്ടുകൾക്കായി വിവിധ സ്ഥാപനങ്ങൾക്ക് കൈമാറിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ പ്രവൃത്തി പൂർത്തീകരണപത്രം,വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നമ്പർ | പേര് | സ്ഥാപനം | ട്രഷറി ബിൽ നമ്പർ | നിർവ്വഹണം | തുക |
|---|---|---|---|---|---|---|
| 1 | 3/18 | പി.എം.എ.വൈ (ജനറൽ) ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ | പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 30/7.3.18 | സെക്രട്ടറി | 200000 |
| 2 | 193/18 | ഐ.കെ.എം. ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ | ഐ.കെ.എം. തിരുവനന്തപുരം | 2/ 30.6.17 | സെക്രട്ടറി | 100000 |
| 3 | 241/18 | എ.ബി.സി. പ്രോഗ്രാം | ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ | 17/28.10.17 | സെക്രട്ടറി | 75000 |
| 4 | 242/18 | ഐ.എം.എ ബ്ലഡ് ബാങ്കിനു വിഹിതം | ജില്ലാപഞ്ചായത്ത്, തൃശ്ശൂർ | 18/28.10.17 | സെക്രട്ടറി | 100000 |
| 5. | 243/18 | ഭിന്നശേഷിക്കാർക്ക് റിസോഴ്സ് സെന്റർ | ജില്ലാപഞ്ചായത്ത്, തൃശ്ശൂർ | തനത് ഫണ്ട് | സെക്രട്ടറി | 100000 |
| 6 | 145/18 | പി.എം.എ.വൈ (എസ്.സി ) ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ | പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 38/ 23.3.18 | അസിസ്റ്റന്റ് സെക്രട്ടറി | 1200000 |
| | | | | | | 17,75000 |

വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്. ആയതു വരെ ചെലവു തുക 1775000/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 4/15.3.19)

## 3-2 അക്രഡിറ്റഡ് ഏജൻസിക്ക് അഡ്വാൻസിനത്തിൽ അധിക തുക അനുവദിച്ചത്

ജി.ഒ(പി) നം.311/14/ഫിൻ തിരു.തിയതി 30.7.14 ലെ അക്രഡിററഡ് ഏജൻസി മാർഗ്ഗരേഖ ക്രമനം.XIV പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തുകയുടെ 20% അഡ്വാൻസ് മാത്രമാണ് അനുവദിക്കാവുന്നത്.എന്നാൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന പ്രൊജക്ടുകൾക്കു വേണ്ടി

കോസ്റ്റ് ഫോർഡിനെ ഏൽപ്പിച്ച ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മേൽ വ്യവസ്ഥ പാലിച്ചിട്ടില്ല.വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് | നിർവ്വഹണം | ട്രഷറി ബിൽ നമ്പർ/ തിയതി | എസ്റ്റിമേറ്റ് തുക | അനുവദിക്കാവുന്നത് (20%) | അനുവദിച്ചത് | അനുവദിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|---|
| 1) | ആർദ്രം-പി.എച്ച്.സി നവീകരണം (239/18) | സെക്രട്ടറി | 19/ 28.10.17 | 1680000 | 336000 | 1000000 | 59.52 |
| 2) | സ്മാർട്ട് ക്ലാസ് റൂം-ജി.എൽ.പി.എസ് പഴയന്നൂർ, ജി.യു.പി.എസ് തൃക്കണായ (245/18) | ഹെഡ് മിസ്ട്രസ്സ്, ജി.എൽ.പി.എസ് പഴയന്നൂർ | 1/16.03.18<br>2/16.03.18 | 1500000 | 70000<br>72500<br>----------<br>142500<br>===== | 350000<br>362500<br>-----------<br>712500 | 47.5 |

(ഓഡിറ്റ് എൻക്വയറി നമ്പർ 5/15.03.19) – സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പ്രൊജക്ടുകൾ നടപ്പാക്കേണ്ടതാണ്.

# 3-3 കിണർ റീചാർജിംഗ് -സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ധനസഹായം അനുവദിച്ചു.

പ്രൊജക്ട് നം.15/18 (സ്പിൽ ഓവർ)

നിർവ്വഹണം-സെക്രട്ടറി

ട്രഷറി ബിൽ നം.6/12.7.17 തുക-168013/-

2016-17 സാമ്പത്തികവർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 4/16 ത.സ്വ.ഭ.വ തിയതി 11.1.16 പ്രകാരം 150 ച.മീ താഴെയുള്ള വീടുകളോട് ചേർന്ന് തുറന്ന കിണറുകളുള്ള കുടുംബങ്ങൾക്കായിരിക്കണം കിണർ റീചാർജിംഗ് അനുവദിക്കാവുന്നത് എന്ന നിഷ്കർഷിച്ചിട്ടുണ്ട്. 2017-18 ലെ സബ്സിഡി മാർഗ്ഗരേഖയിലും മേൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.2016-17 ലെ പ്രൊജക്ട് സ്പിൽ ഓവറായി ഏറ്റെടുത്ത് നടപ്പാക്കിയതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ വീടുകൾ 150 ച.മീ അധികം തറവിസ്തീർണ്ണമുള്ളതാണ് (സഞ്ചയയിലെ രേഖപ്പെടുത്തൽ പ്രകാരം).വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | ആകെ ചെലവു തുക | ഗുണഭോക്തൃ വിഹിതം ഈടാക്കിയത് | സബ്സിഡി തുക |
|---|---|---|---|---|---|---|
| 1 | കെ.സി .ജോർജ്, കുറ്റിക്കാട്ടിൽ | 10/84 | 200 | 6186 | 1250 | 4936 |
| 2 | ഷൈജൻ, | 14/9ബി | 204 | 6183 | 1250 | 4933 |

| | | | | | | |
|---|---|---|---|---|---|---|
| | തടത്തിൽ | | | | | |
| 3 | സുരേഷ് ബാബു, കൈതക്കോട് | 19/355 | 154 | 6246 | 1250 | 4996 |
| 4 | രാധാകൃഷ്ണൻ, വെളിയോട്ടിൽ | 4/558 | 215 | 5803 | 1250 | 4553 |
| 5 | രഘുമാഷ്, തെക്കേതിൽ, നീർണ്ണമുക്ക് | 1/392 | 161 | 6216 | 1250 | 4966 |
| 6 | അലി, തെച്ചോട്ടിൽ | 18/43 | 207 | 5724 | 1250 | 4474 |
| | ആകെ | | | | | 28858 |

അനർഹരായ ഗുണഭോക്താക്കൾക്ക് വികസനഫണ്ടിൽ നിന്നും അനുവദിച്ച തുക 28858/- രൂപ തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 4/15.03.19)

# 3-4 ഇ.എം.എസ് വായ്പാ തിരിച്ചടവ്-പലിശയിനത്തിലെ തുക സർക്കാരിൽ നിന്നും ലഭ്യമായിട്ടില്ല

പ്രൊജക്റ്റ് നം-115/18

ട്രഷറി ബിൽ നം-8/20.7.17 തുക- 888425/-

ഇ.എം.എസ് ഭവനപദ്ധതി ലോൺ തിരിച്ചടവ് പ്രൊജക്റ്റിൽ മേൽ തുക പഴയന്നൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണബാങ്കിന്റെ അക്കൗണ്ട് നമ്പർ 0067073000004 ലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. വായ്പയിലെ മുതലിന്റെ തിരിച്ചടവ് 7/17 ൽ പ്രസ്തുത തുകയുടെ തിരിച്ചടവോടെ പൂർത്തിയായിട്ടുണ്ട്.എന്നാൽ പലിശയിനത്തിൽ തുക അടവാക്കാൻ അവശേഷിക്കുന്നു.സർവ്വീസ് സഹകരണ ബാങ്ക് ഹാജരാക്കിയ പലിശ കണക്കാക്കിയ സ്റ്റേറ്റ്മെന്റിൽ 31.3.18 വരെ പലിശയിനത്തിൽ തുക അടവാക്കാനുള്ളതായി കാണിച്ചിരിക്കുന്നു.20.7.17 ൽ മുതലിനത്തിൽ വായ്പ തുക പൂർത്തിയായതിനാൽ 20.7.17 വരെ മാത്രമേ ബാങ്കിന് പലിശയിനത്തിൽ തുക നൽകേണ്ടതുള്ളൂ.ആയതിനാൽ ഗ്രാമപഞ്ചായത്ത്, ബാങ്ക് വായ്പാ കണക്കുകൾ പൊരുത്തപ്പെടുത്തി കൃത്യമായ പലിശ തുക സർക്കാരിൽ നിന്നും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 6/15.03.19)

# 3-5 സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ലാപ്ടോപ്പ് അനുവദിച്ചു

പ്രൊജക്റ്റ് നമ്പർ-190/18

നിർവ്വഹണം -അസി.സെക്രട്ടറി

ട്രഷറി ബിൽ നം-41/28.3.18, തുക-532800/-

സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 80/17 തസ്വഭവ തിയതി.3.4.17, ഖണ്ഡിക 11.8.6 ലെ വ്യവസ്ഥ പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ

സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) എന്നീ കോഴ്സുകൾക്ക് സർക്കാർ, എയ്ഡഡ്, സ്വാശ്രയ സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 30000- രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ്ടോപ്പുകൾ /കമ്പ്യൂട്ടറുകൾ വാങ്ങി നൽകാവുന്നതാണ്.

2017-18 സമ്പത്തികവർഷം അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടിനായി 22200/- രൂപ വിലയുള്ള 24 ലാപ്ടോപ്പുകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ആയതിൽ ഒരു ഗുണഭോക്താവായ ജിനോ.ആർ, തെക്കേതിൽ, വെന്നൂർ എന്ന ഗുണഭോക്താവ് ഹാജരാക്കിയ സർട്ടിഫിക്കറ്റ് പ്രകാരം studying for IPCC and undergoing articleship under CA എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ സ.ഉ.(സാധാ)നം.615/2018/തസ്വഭവ (ഡിബി) വകുപ്പ് തിയതി.5.3.18 പ്രകാരം കിഴവിലം ഗ്രാമപഞ്ചായത്തിലെ വിദൂരവിദ്യാഭ്യാസം മുഖേന സി.എ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥിക്ക് മാത്രം ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലാപ്ടോപ്പ് അനുവദിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. ഈ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടിയാൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്.

ജിനോ.ആർ എന്നവരുടെ സഹോദരനായ ശ്രീ.ജിത്തു.ആർ എന്ന വിദ്യാർത്ഥിക്കും ഇതേ ആനുകൂല്യം നൽകിയിട്ടുണ്ട് (റേഷൻ കാർഡ് നം.1842121604). ഒരു കുടുംബത്തിലെ 2 പേർക്ക് ഒരേ ആനുകൂല്യം അനുവദിക്കുന്നതിനു പകരം മറ്റൊരു ഗുണഭോക്താവിനെ ആനുകൂല്യത്തിനായി പരിഗണിക്കാമായിരുന്നു. കിഴവിലം ഗ്രാമപഞ്ചായത്തിന് ബാധകമായ സർക്കാർ ഉത്തരവിനെ അടിസ്ഥാനമാക്കി അർഹതയില്ലാത്ത ഗുണഭോക്താവിന് അനുവദിച്ച ലാപ്ടോപ്പിന്റെ വിലയായ 22200/- രൂപ ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 8/15.03.19)

# 3-6 <u>ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ-അപാകതകൾ</u>

പ്രൊജക്ട് നമ്പർ-111/18

നിർവ്വഹണം-അസി.സെക്രട്ടറി

ട്രഷറി ബിൽ നമ്പർ-13/10.1.18 തുക-600000/-

ട്രഷറി ബിൽ നമ്പർ-31/21.3.18 തുക-600000/-

ആകെ- 1200000/

ഹോണറേറിയം,വാഹനവാടക, സാധനസാമഗ്രികളുടെ വില,ഇന്ധനം മറ്റു അത്യാവശ്യ ഘടകങ്ങൾ എന്നിവയ്ക്കായാണ് പ്രൊജക്ടിൽ തുക വകയിരുത്തിയിരിക്കുന്നത്.പ്രൊജക്ടുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ കാഷ്ബുക്ക് 6.11.17 വരെ മാത്രമേ എഴുതിയിട്ടുള്ളൂ..

2. പ്രതിമാസ റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

3..അക്കൗണ്ടിൽ നീക്കിയിരിപ്പായി ലക്ഷങ്ങൾ അവശേഷിക്കുന്നു.

പഴയന്നൂർ ഗ്രാമപഞ്ചായത്ത് ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ നടത്തിപ്പിനായി രൂപീകരിച്ച മാനേജിംഗ് കമ്മറ്റിയുടെ പേരിലുള്ള അക്കൗണ്ട് നം.8000788584 ൽ 31.3.17 ലെ നീക്കിയിരിപ്പ് 479248/- രൂപയാണ്.ആയതിനു ശേഷം 2017-18 ൽ 1200000/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.എന്നാൽ എല്ലാ ചെലവുകൾക്കു ശേഷവും ഈ അക്കൗണ്ടിൽ 31.3.18 ൽ നീക്കിയിരിപ്പായി അവശേഷിക്കുന്നത് 10,54659/- രൂപയാണ്.ആവശ്യമായ ഫണ്ട് കണക്കാക്കി അനുവദിക്കുന്നതിനു പകരം വികസനഫണ്ടിൽ നിന്നും ഇപ്രകാരം ഭീമമായ തുക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും, ചെലവഴിക്കാതെ അക്കൗണ്ടിൽ നീക്കിയിരിപ്പായി

അവശേഷിപ്പിക്കുകയും ചെയ്യുന്നത് ശരിയായ നടപടിയല്ല.അധികമായി പിൻവലിച്ച തുക തിരികെ സർക്കാരിലേക്ക് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.വാഹനവാടക വികസനഫണ്ടിൽ നിന്നും അനുവദിച്ചു

ജി.ഒ(എം.എസ്)80/17 ത.സ്വ.ഭ.വ തിയതി 3.4.17 ക്രമനം.10.5 പ്രകാരം ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിനായി വാഹനം വാടകയ്ക്ക് എടുക്കാവുന്നതും വാടക തനതുഫണ്ടിൽ വകയിരുത്താവുന്നതുമാണ് എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.എന്നാൽ പ്രൊജക്ടിൽ തനതു ഫണ്ട് വകയിരുത്തിയിട്ടില്ല.വികസനഫണ്ട് ട്രാൻസ്ഫർ ചെയ്ത് സൂക്ഷിച്ചിട്ടുള്ള അക്കൗണ്ടിൽ നിന്നുമാണ് (അക്കൗണ്ട് നം.8000788584) വാഹനവാടക അനുവദിച്ചിട്ടുള്ളത്. പ്രതിദിനം 1750/- രൂപ നിരക്കിൽ വാഹനത്തിന് തൻവർഷം 332500/- രൂപ വികസനഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്.മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസനഫണ്ടിൽ നിന്നും അനുവദിച്ച വാഹനവാടക തനതുഫണ്ടിൽ നിന്നും ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വികസന ഫണ്ട് വിഹിതം തിരികെ ട്രഷറിയിൽ അടവാക്കേണ്ടതാണ്.

അപാകതകൾ പരിഹരിക്കുന്നതു വരെ ചെലവു തുക 1200000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 8/15.03.19)

# 3-7 പട്ടികജാതി പെൺകുട്ടികളുടെ വിവാഹധനസഹായം-മുൻവർഷം നടന്ന വിവാഹത്തിന് 2017-18 ലെ ധനസഹായം അനുവദിച്ചു.

പ്രൊജക്ട് നമ്പർ-207/18

നിർവ്വഹണോദ്യോഗസ്ഥൻ-അസി.സെക്രട്ടറി

ട്രഷറി ബിൽ നം-11/20.11.17 തുക-11,25000/-

ജി.ഒ (എം.എസ്) 80/17 ത.സ്വ.ഭ.വ തിയതി 3.4.17 ഖണ്ഡിക 11.5. പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ രക്ഷകർത്താക്കളുടെ പെൺമക്കളുടെ വിവാഹത്തിന് വരുമാനപരിധി 200000/- രൂപയ്ക്ക് വിധേയമായി 75000/- രൂപ നിരക്കിൽ ധനസഹായം നൽകാവുന്നതാണ്.ഇപ്രകാരം ധനസഹായം അനുവദിക്കുകയാണെങ്കിൽ വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 180 ദിവസത്തിനകമോ അപേക്ഷ നൽകിയിരിക്കണം.

എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ 2016-17 സാമ്പത്തികവർഷം നടന്ന വിവാഹങ്ങൾക്ക് 50000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിനു പകരം 2017-18 ലെ ധനസഹായ തുകയായ75000/- രൂപ വീതം അനുവദിച്ചതായി കാണുന്നു.(പട്ടികജാതി പെൺകുട്ടികളുടെ വിവഹധനസഹായം 1.4.12 മുതൽ 50000/- രൂപയാക്കി നിജപ്പെടുത്തിയിട്ടുണ്ട്)

| ക്രമ നം | ഗുണഭോക്താവ് | അപേക്ഷ സമർപ്പിച്ച തിയതി/ | വിവാഹ തിയതി/ വിവാഹ സർട്ടിഫിക്കറ്റ് | അനുവദിച്ച തുക | അനുവദിക്കാവുന്നത് | അധികം |
|---|---|---|---|---|---|---|
| 1 | കുമാരൻ.എ.സി, ആലിക്കൽപറമ്പിൽ | എ2-4155/ 5.4.17 | 22.1.17 1432/17 തിയതി. 30.3.17 | 75000 | 50000 | 25000 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 2 | മണി.ടി.എം ആലംകുന്ന തോട്ടുമുക്ക് | എ2-4270/17 തി.11.4.17 | 26.3.17 4194/17 തി.7.4.17 | 75000 | 50000 | 25000 |
| | | | | | | 50000 |

മേൽപ്രകാരം അധികമായി അനുവദിച്ച 50000/- രൂപ ധനസഹായം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 8/15.03.19)

# 3-8 അംഗൻവാടികളുടെ ശോച്യാവസ്ഥ പൂർണ്ണമായി പരിഹരിച്ചിട്ടില്ല

2017-18 സാമ്പത്തികവർഷത്തെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ചർച്ചകളിൽ മിക്കതിലും വിവിധ അംഗൻവാടികളുടെ ശോച്യാവസ്ഥ സംബന്ധിച്ച് തീരുമാനങ്ങൾ എടുത്തതായി കാണുന്നു.

| തീരുമാനം | അംഗൻവാടി | 2017-18 ലെ അവസ്ഥ |
|---|---|---|
| 5/12.10.17 | നീളം പള്ളിയാൽ അംഗൻവാടി നം.97 | ശുചിമുറി ഉപയോഗയോഗ്യമല്ല |
| 1/16.12.17 | നീളം പള്ളിയാൽ അംഗൻവാടി നം.97 | ശുചിമുറി ഉപയോഗയോഗ്യമല്ല |
| 2/16.12.17 | അംഗൻവാടി നം.98 | ജനലുകൾ ചിതലരിക്കുന്നു.വാട്ടർടാങ്ക് ആവശ്യമുണ്ട്. |
| 3/16.12.17 | കോടത്തൂർ പമ്പ് ഹൗസ് പരിസരം | ടോയ്ലറ്റ് സൗകര്യം ലഭ്യമാക്കണം |
| 4/16.12.17 | ചീരക്കുഴി കൊടവംപാടം അംഗൻവാടി നം.126 | മതിൽ പൊളിഞ്ഞു വീണു |
| 7/16.12.17 | കൈതക്കോട് അംഗൻവാടി നം.120 | ജനൽ,വാതിൽ നശിച്ചു.സെപ്റ്റിക് ടാങ്ക് സ്ലാബ് പൊട്ടി. |
| 4/10.1.18 | നീളം പള്ളിയാൽ അംഗൻവാടി നം.97 | ശുചിമുറി ഉപയോഗയോഗ്യമല്ല |
| 5/10.1.18 | അംഗൻവാടി നം.98 | മെയിന്റനൻസ് |

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ അംഗൻവാടികളുടെ മെയിന്റനൻസ് (56/18 സ്പിൽ ഓവർ) പ്രൊജക്ടിനായി 2017-18 ൽ 832233/- രൂപ ചെലവഴിച്ചിട്ടുണ്ട്.ആയത് അംഗൻവാടി നം.117,107,121,112,105 എന്നിവയുടെ മെയിന്റനൻസിനാണെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്.(ഓഡിറ്റ് എൻക്വയറി നം.3/15.3.19).എന്നാൽ മുകളിൽ പറഞ്ഞ അംഗൻവാടികളുടെ റിപ്പയർ 2018-19ൽ എറ്റെടുത്തിട്ടുണ്ട് എന്നും കൈതക്കോട് അംഗൻവാടി നം.120,അംഗൻവാടി നം.98 എന്നിവ 2019-20 ൽ ഏറ്റെടുക്കാമെന്നും അറിയിച്ചിട്ടുണ്ട്.

സാമ്പത്തികവർഷം മുഴുവനും അംഗൻവാടികളുടെ ശോച്യാവസ്ഥ സംബന്ധിച്ച് ചർച്ച ചെയ്തിട്ടും അവയുടെ റിപ്പയറിംഗിനുള്ള പ്രൊജക്ടുകൾ 2017-18 സാമ്പത്തികവർഷത്തിൽ ഏറ്റെടുത്തിട്ടില്ല.2018-19 സാമ്പത്തികവർഷം അംഗൻവാടി നം 101,102 എന്നിവ അൺഫിറ്റ് ആണെന്ന സാക്ഷ്യപത്രം നൽകി കാണുന്നു. അംഗൻവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-9 പ്രത്യേക കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണം-വെറ്ററിനറി സർജൻ

1.പ്രൊജക്ട് നമ്പർ-218/18

വികസന ഫണ്ട്-250000/-

ട്രഷറി ബിൽ നമ്പർ -1/16.1.18-250000

ഗുണഭോക്താക്കളുടെ എണ്ണം -40

2. പ്രൊജക്ട് നം.235/18 കന്നുകുട്ടി പരിപാലനം-സ്റ്റേറ്റ് വിഹിതം-ഫുൾ പഞ്ചായത്ത്.
വികസന ഫണ്ട്-250000/-

ട്രഷറി ബിൽ നം.2/16.03.18 -375000/-

ഗുണഭോക്താക്കളുടെ എണ്ണം - 60

ആകെ ഗുണഭോക്താക്കളുടെ എണ്ണം-100

തെരഞ്ഞെടുത്ത 100 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്കുള്ള തീറ്റവിതരണത്തിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി മേൽ തുക എസ്.എൽ.ബി.പി ഡെപ്യൂട്ടിഡയറക്ടറുടെ അക്കൗണ്ട് നം.71301140000034 ലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. തീറ്റവിതരണം 3/18 മുതൽ ആരംഭിച്ചിട്ടുണ്ട്. പദ്ധതി അവസാനിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

# 3-10 ഗുണഭോക്താക്കളുടെ അഭാവം -പ്രൊജക്ടുകൾ നടപ്പാക്കാൻ സാധിച്ചില്ല.വികസനഫണ്ട് വിഹിതം ലാപ്സായി

പഴയന്നൂർ ഗ്രാമപഞ്ചായത്ത് പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമിട്ട് 2017-18-ൽ 3 പ്രൊജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിരുന്നു.

| ക്രമ നം. | പ്രൊജക്ട് | നിർവ്വഹണം | വകയിരുത്തിയ തുക | | ആകെ |
|---|---|---|---|---|---|
| | | | വികസന ഫണ്ട് | മറ്റുള്ളവ | |
| 1 | വനിത നൈപുണ്യ വികസന പരിപാടി .എസ്.സി.പി (267/18) | അസിസ്റ്റന്റ് സെക്രട്ടറി | 100000 | 507000 | 607000 |
| 2 | വനിത നൈപുണ്യ വികസന പരിപാടി-ജനറൽ (263/18)-അടങ്കൽ മാറ്റം വരുത്തി | വി.ഇ.ഒ | 50000 | 10000 | 60000 |

| | | | | | |
|---|---|---|---|---|---|
| 3 | സ്വയംതൊഴിലിന് ആസ്തികൾ (315/18) | വി.ഇ.ഒ | 220000 | 220000 | 440000 |
| | | | | | |

എന്നാൽ മേൽപറഞ്ഞ 3 പ്രൊജക്ടുകളും തൻവർഷം നടപ്പാക്കിയില്ല.ഗുണഭോക്തൃവിഹിതം ഈടാക്കിയതിനു ശേഷവും പ്രൊജക്ട് നടപ്പാക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.9/16.3.19) ക്ക് മറുപടി നിർവ്വഹണോദ്യോഗസ്ഥൻ താഴെ പറയും പ്രകാരം ഹാജരാക്കി.

വനിത നൈപുണ്യ വികസന പരിപാടി-ജനറൽ(263/18) പദ്ധതി 20 ഗുണഭോക്താക്കൾക്കു വേണ്ടിയാണ് രൂപീകരിച്ചിരുന്നത്.ആയതിന്റെ അടിസ്ഥാനത്തിൽ പേപ്പർ ക്യാരി ബാഗ് വിത്ത് സ്ക്രീൻ പ്രിന്റിംഗ്,കമ്പ്യൂട്ടർ എയ്ഡഡ് എംബ്രോയ്ഡറി ഡിസൈനിംഗ് & അപ്പാരൽ മേക്കിംഗ് എന്നിങ്ങനെ രണ്ടു പരിപാടികൾക്കു വേണ്ടി അപേക്ഷ ക്ഷണിക്കുകയും ഗുണഭോക്തൃവിഹിതം ഈടാക്കാൻ ആരംഭിക്കുകയും ചെയ്തു.പേപ്പർ ക്യാരി ബാഗ് വിത്ത് സ്ക്രീൻ പ്രിന്റിംഗിനായി 18 പേർ ഗുണഭോക്തൃവിഹിതം9000/- രൂപയും (18*500),ക മ്പ്യൂട്ടർ എയ്ഡഡ് എംബ്രോയ്ഡറി ഡിസൈനിംഗ് & അപ്പാരൽ മേക്കിംഗിൽ 6 പേർ 5000/- രൂപ വീതം 30000/- രൂപയും ഗ്രാമപഞ്ചായത്തിൽ അടവാക്കിയിരുന്നു.എന്നാൽ ഗുണഭോക്താക്കളുടെ അഭാവം മൂലം പ്രൊജക്ട് നടപ്പാക്കാൻ സാധിക്കാത്തതിനാൽ ചെക്ക് നം.402027/31.3.18 (വൗച്ചർ നം.21701656/31.3.18) പ്രകാരം 30000/- രൂപ ഗുണഭോക്താക്കൾക്ക് തിരിച്ചു നൽകിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതമിനത്തിൽ ഈടാക്കിയ ബാക്കി തുക ഗ്രാമപഞ്ചായത്ത് തനതു ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ആയത് ഗുണഭോക്താക്കൾക്ക് തിരികെ നൽകി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

സ്വയം തൊഴിലിന് ആസ്തികൾ പ്രൊജക്ടിൽ യോഗ്യതയുള്ള ഗ്രൂപ്പിനെ ലഭിക്കാത്തതിനാൽ പ്രസ്തുത പദ്ധതിയും നടപ്പാക്കാൻ സാധിച്ചില്ല. പദ്ധതി ആസൂത്രണഘട്ടങ്ങളിൽ പ്രസ്തുത പ്രൊജക്ടുകളിൽ തല്പരരായ ഗുണഭോക്താക്കളുടെ ലഭ്യത ഉറപ്പുവരുത്തിയിരുന്നുവെങ്കിൽ ഇപ്രകാരം വികസനഫണ്ട് വിഹിതം ലാപ്സാകുന്ന അവസ്ഥ ഇല്ലാതാക്കാമായിരുന്നു.ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

# 3-11 ഭവനനിർമ്മാണം ജനറൽ-അനുവദിച്ച തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രൊജക്ട് നമ്പർ -92/18

നിർവ്വഹണം-വി.ഇ.ഒ

2016-17 സാമ്പത്തികവർഷം ആരംഭിച്ച മേൽ പ്രൊജക്ടിൽ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ അനുവദിക്കേണ്ട ഗഡുക്കൾ അനുവദിക്കുന്നതിനായി 2017-18 ൽ 18,50000/- രൂപ തനതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.മേൽ പ്രൊജക്ടിന്റെ ഗുണഭോക്തൃരജിസ്റ്റർ പരിശോധിച്ചതിൽതാഴെ പറയുന്ന ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റിയതിനു ശേഷം ഭവനനിർമ്മാണത്തിന്റെ അടുത്ത ഘട്ടം പൂർത്തിയാക്കി ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തിയതി | വീടിന്റെ നിലവിലെ അവസ്ഥ | കുറിപ്പുകൾ |
|---|---|---|---|---|---|
| 1. | പദ്മനാഭൻ നായർ, വടക്കേത്തറ | 20000 | 22.3.17 | അനുവദനീയമായ അളവിൽ കൂടുതൽ വിസ്തൃതിയിൽ തറപ്പണി പൂർത്തീകരിച്ചു. | രണ്ടാംഗഡു അനുവദിച്ചിട്ടില്ല |
| 2. | സുമിത്ര | 20000 | 22.3.17 | - | വീട്ടുപണിയിൽ |

| | | | | | |
|---|---|---|---|---|---|
| | രാജൻ, തട്ടാരുതൊടി | 20000 | 23.10.17 | - | പുരോഗതി ഇല്ല. |
| | | 60000 | | | |

ഓഡിറ്റ് എൻക്വയരി നം.10/16.3.19 നുള്ള മറുപടി നിർവ്വഹണോദ്യോഗസ്ഥൻ നൽകിയതിൽ തുക തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-12 കെ.എസ്.ഇ.ബി യുടെ അനുമതിയില്ലാതെ തെരുവു വിളക്ക് ഇനം മാറ്റി സ്ഥാപിക്കുന്നത് നിർത്തലാക്കേണ്ടതാണ്.

2017-18 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണോദ്യാഗസ്ഥനായി തെരുവ് വിളക്ക് പരിപാലനത്തിനായി 6 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ആയതിൽ 3 എണ്ണം പുതിയ തെരുവു വിളക്കുകൾ വാങ്ങലുകളാണ്.

| ക്രമ നം. | പ്രൊജക്ട് നമ്പർ | ട്രഷറി ബിൽ നമ്പർ/ തിയതി | തുക | സ്ഥാപനം | വാങ്ങിയ LED ബൾബുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 14/18 (സ്പിൽ ഓവർ). പുതിയ തെരുവു വിളക്കുകൾ വാങ്ങൽ | 12/22.8.17 | 80356 | നവഭാരത് ഏജൻസീസ്, പാലക്കാട് | 50 |
| 2 | 231/18-- തെരുവു വിളക്കുകൾ വാങ്ങൽ | 13/22.8.17<br>16/28.10.17 | 37844<br>315000 | നവഭാരത് ഏജൻസീസ്, പാലക്കാട് | 175 |
| 3 | 280/18 (എൽ.ഇ.ഡി തെരുവു വിളക്കുകൾ വാങ്ങൽ) | 26/6.1.18<br>27/6.1.18 | 88742<br>15709 | ഒമിലക്സ് സർവ്വീസസ് | 61 (ഓട്ടോമാറ്റിക്) |
| | | | 537651 | | 286 |

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഇവയെല്ലാം തന്നെ വിതരണം നടത്തിയതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഇവ കൈപ്പറ്റിയത് ആരാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. തെരുവു വിളക്കുകൾ സ്ഥാപിക്കലുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1. തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഓരോ വാർഡുകളിലെയും പോസ്റ്റ് നമ്പർ, സ്ഥലം എന്നിവ തീരുമാനിച്ചതിന്റെ ഭരണസമിതി തീരുമാനം.

2. ഭരണസമിതി തീരുമാനം സഹിതം കെ.എസ്.ഇ.ബി സെക്ഷനുകളിലേക്ക് തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടു കൊണ്ടുള്ള കത്തിടപാടുകൾ

3. വിവിധ സ്ഥലങ്ങളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി നൽകിയ അനുമതി പത്രം.

4. കെ.എസ്.ഇ.ബി നൽകിയ പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്.

കെ.എസ്.ഇ.ബിയിൽ നിന്നും ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റോ, കെ.എസ്.ഇ.ബിയുടെ അനുമതിപത്രങ്ങളോ ഹാജരാക്കിയിട്ടില്ല. ആയതിനാൽ തന്നെ കെ.എസ്.ഇ.ബി യുടെ അനുമതിയില്ലാതെയാണ് തെരുവു വിളക്ക് സ്ഥാപിക്കുന്നതെന്ന് വ്യക്തമാകുന്നു.

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് കെ.എസ്.ഇ.ബി യിൽ അടവാക്കുമ്പോൾ കെ.എസ്.ഇ.ബി ലഭ്യമാക്കുന്ന ഇൻവോയ്സ് (ഡിമാന്റ് നോട്ടീസ് ഇനം തിരിച്ച കണക്ക് ) ഹാജരാക്കിയിട്ടില്ല.ആയതിനാൽ തന്നെ കെ.എസ്.ഇ.ബി ഡിമാന്റിൽ ഉൾപ്പെടുത്തിയ മുഴുവൻ ഇനങ്ങളും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നവയാണോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.ഓഡിറ്റ് എൻക്വയറി നം.7 നുള്ള മറുപടിയായി നിലവിലുള്ള ട്യൂബ് ലൈറ്റുകൾക്കു പകരം സംവിധാനമായാണ് എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചതെന്നു അറിയിച്ചിട്ടുണ്ട്. ആയതിനാൽ കെ.എസ്.ഇ.ബിയുടെ ഡിമാന്റിൽ ഉൾപ്പെട്ട ട്യൂബ് ലൈറ്റുകൾക്കു പകരം എൽ.ഇ.ഡി ബൾബുകൾ ഡിമാന്റിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.കെ.എസ്.ഇ.ബിയുടെ അനുമതിയോടു കൂടി മാത്രം തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പോസ്റ്റ് നമ്പര് ഉൾപ്പെടെയുള്ള ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരെ ചെലവു തുക 537651/- രൂപ ഓഡിററിൽ തടസ്സപ്പെടുത്തുന്നു.

# 3-13 പട്ടികവർഗ്ഗ ഫണ്ട്-പ്രൊജക്ടുകൾ ആവിഷ്ക്കരിക്കുന്നുവെങ്കിലും പൂർണ്ണമായും നടപ്പാക്കുന്നില്ല

പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗക്കാരായ 56 ഓളം കുടുംബങ്ങൾ താമസിക്കുന്നുണ്ട്.ആയവരെ എല്ലാവരെയും ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആശ്രയ എസ്.ടി ക്കായി രണ്ടു അക്കൗണ്ടുകളിലായി 16 ലക്ഷത്തോളം രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ 2017-18 ൽ ആശ്രയ എസ്.ടി വിഭാഗക്കാരുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഇതിൽ നിന്നും ഒറ്റ രൂപ പോലും ചെലവഴിച്ചിട്ടില്ല.

കൂടാതെ 2017-18 ൽ അസി.സെക്രട്ടറി നിർവ്വഹണം നടത്താനായി ഭവനം വാസയോഗ്യമാക്കൽ (എസ്.ടി ) എന്ന പേരിൽ തനതു ഫണ്ടിൽ നിന്നും 3000 - രൂപയും, പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 197000- രൂപയും ഉൾപ്പെടെ 200000/- രൂപയുടെ പ്രൊജക്ട് തയ്യാരാക്കി അംഗീകാരം വാങ്ങിയിട്ടുണ്ട്.സാമ്പത്തിക വർഷാവസാനം മാർച്ച് മാസത്തിൽ മാത്രമാണ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറിയത് എന്നതിനാൽ പട്ടികവർഗ്ഗക്കാർക്കായി നീക്കിവെച്ച മേൽ തുകയും വിനിയോഗിക്കാതെ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

അർഹരായ ഗുണഭോക്താക്കൾക്ക് വേണ്ടി നീക്കിവെക്കുന്ന പ്ലാൻഫണ്ട് വിഹിതം യഥാസമയം വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-14 ആശ്രയ- ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റാനായി കൈമാറിയ തുകകൾ പൂർണ്ണമായി ഗുണഭോക്താക്കൾക്കു അനുവദിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

2017-18 സാമ്പത്തികവർഷം ആശ്രയ നടത്തിപ്പിനായി താഴെ പറയും പ്രകാരം തുക സിഡിഎസിനു കൈമാറിയിട്ടുണ്ട്.

| പ്രൊജക്റ്റ് നമ്പർ | നിർവ്വഹണം | ട്രഷറി ബിൽ നമ്പർ/ തിയതി | തുക |
|---|---|---|---|
| 215/18 (ആശ്രയ എസ്.ടി) | അസിസ്റ്റന്റ് സെക്രട്ടറി | 4/29.6.17 | 85967 |
| | | 30/14.3.18 | 156033 |
| | | ആകെ | 242000 |
| 226/18 (ആശ്രയ) | വി.ഇ.ഒ | 1/18.9.17 | 800000 |
| | | ആകെ | 10,42000 |

ആശ്രയ പദ്ധതിക്കായി പഴയന്നൂർ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സിഡിഎസിനു 5 ബാങ്ക് അക്കൗണ്ടുകൾ നിലവിലുണ്ട്. ഓരോ അക്കൗണ്ടിലും നിലവിലെ ബാലൻസ് താഴെ കൊടുക്കുന്നു.

| ഇനം | അക്കൗണ്ട് നമ്പർ | പ്ലാൻ ഫണ്ട് | ചലഞ്ച് ഫണ്ട് | പലിശ | കമ്പ്യൂട്ടർ ഫണ്ട് |
|---|---|---|---|---|---|
| ആശ്രയ ഒന്നാംഘട്ടം | 6253 | 200000 | 4433 | 40243 | 90666 |
| ആശ്രയ രണ്ടാംഘട്ടം | 4667101002492 | 2338300 | 399526 | 444876 | ------ |
| | 7198 | | | | |
| ആശ്രയ-എസ്.ടി | 4667101002491 | 1363602 | 79746 | 172204 | ---- |
| | 7199 | | | | |
| | | 3901902 | 483705 | 657329 | 90666 |

ആശ്രയ പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| | ആശ്രയ ഒന്നാം ഘട്ടം | | | ആശ്രയ രണ്ടാംഘട്ടം | | | | | | ആശ്രയ -എസ്.ടി | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ആവശ്യമായ സേവനം | ഭൂമി | ഭവനം | റിപ്പയർ | ഭൂമി | ഭവനം | റിപ്പയർ | വയറിംഗ് | കുടിവെള്ളം | കക്കൂസ് | ഭൂമി | ഭവനം | റിപ്പയർ | വയറിംഗ് | കുടിവെള്ളം | കക്കൂസ് |
| ആകെ ഗുണഭോക്താ | 2 | 21 | 5 | 7 | 22 | 68 | 5 | 16 | 10 | 6 | 8 | 56 | 2 | 1 | 18 |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ക്കളുടെ എണ്ണം | | | | | | | | | | | | | | | |
| സേവനം ലഭ്യമാക്കിയവരുടെ എണ്ണം | 0 | 1 | 0 | 0 | 12 | 1 | 0 | 0 | 0 | 1 | 0 | 4 | 0 | 0 | 0 |
| ഇനി നൽകാനുള്ളവരുടെ എണ്ണം | 2 | 20 | 5 | 7 | 10 | 67 | 5 | 16 | 10 | 5 | 8 | 52 | 2 | 1 | 18 |

ആശ്രയ പദ്ധതി ആരംഭിച്ച കാലയളവു മുതൽ നാളിതുവരെ ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച അടിസ്ഥാനസൗകര്യങ്ങളുടെ വിശദാംശമാണ് മുകളിൽ ചേർത്തിരിക്കുന്നത്.ഗ്രാമപഞ്ചായത്ത് ഓരോ വർഷവും നിർബന്ധിത വകയിരുത്തൽ എന്ന നിലയിൽ ആശ്രയ പദ്ധതിക്കു വേണ്ടി വകയിരുത്തുന്ന പ്ലാൻഫണ്ട് വിഹിതം സിഡിഎസിനു നിർവ്വഹണത്തിനായി ഓരോ സാമ്പത്തികവർഷവും കൈമാറുകയും എന്നാൽ വിഹിതം പ്രസ്തുത ആവശ്യത്തിനു വേണ്ടി വിനിയോഗിക്കാതെ സിഡിഎസിന്റെ അക്കൗണ്ടിൽ സൂക്ഷിക്കുകയാണ് ചെയ്തു പോരുന്നത്.

ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരായതിനാൽ ഗ്രാമപഞ്ചായത്തിന്റെ വി.ഇ.ഒ, അസി.സെക്രട്ടറി എന്നിവർ മുഖേന നിർവ്വഹണം നടത്തിയ അടിസ്ഥാനസൗകര്യവികസന പ്രൊജക്ടുകളിൽ ഗുണഭോക്താക്കളായി ഈ വിഭാഗത്തെ ഉൾപ്പെടുത്തുകയും ചെയ്തിട്ടില്ല.2017-18 സാമ്പത്തികവർഷം നിർവ്വഹണം നടത്തിയ പ്രൊജക്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | നിർവ്വഹണം | പ്രൊജക്ട് | ചെലവഴിച്ച ആകെ തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 274/18 | അസിസ്റ്റന്റ് സെക്രട്ടറി | ഭവനം വാസ യോഗ്യമാക്കൽ (എസ്.സി.പി) | 1175000 | 22 |
| 275/18 | വി.ഇ.ഒ | ഭവനം വാസ യോഗ്യമാക്കൽ (ജനറൽ) | 2362500 | 100 |
| 98/18 | അസിസ്റ്റന്റ് സെക്രട്ടറി | ഭവന റിപ്പയർ (എസ്.സി.പി) | 525000 | 12 |

അക്കൗണ്ടിൽ ലക്ഷങ്ങൾ നീക്കിയിരിപ്പായി അവശേഷിക്കുമ്പോഴും അതിന്റെ പ്രയോജനം ലഭിക്കേണ്ട അർഹരായ ഗുണഭോക്താക്കൾക്ക് നിലവിൽ സർക്കാരിൽ നിന്നും ലഭിക്കേണ്ട യാതൊരു ആനുകൂല്യവും ലഭിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്.ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനെന്ന പേരിൽ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന വികസനഫണ്ട് വിഹിതം അർഹരായ ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനങ്ങൾക്ക് വിനിയോഗിക്കാത്ത പക്ഷം സർക്കാരിലേക്ക് തിരികെ അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-15 നെൽ വിത്ത് വിതരണരേഖകൾ ഹാജരാക്കിയില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട്-101/18

നിർവ്വഹണം -കൃഷി ഓഫീസർ

സമഗ്ര നെൽകൃഷി വികസനപദ്ധതിയുടെ ഭാഗമായി നെൽവിത്ത്, ജൈവവളം എന്നിവ വാങ്ങി കർഷകർക്ക് വിതരണം ചെയ്യാനായി പാടശേഖരസമിതികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. വിവിധ ഇൻവോയ്സുകൾ പ്രകാരം പാടശേഖരസമിതികൾ കൈപ്പറ്റിയ നെൽവിത്ത്, ജൈവവളം എന്നിവ കർഷകർക്ക് വിതരണം ചെയ്തതിന്റെ വിതരണരേഖകൾ നാളിതുവരെ പാടശേഖരസമിതി സെക്രട്ടറിമാർ കൃഷി ഓഫീസർ മുമ്പാകെ ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയവയിൽ മിക്കതിലും ആകെ വിതരണം ചെയ്തതിന്റെ അളവ് രേഖപ്പെടുത്തിയിട്ടുമില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ട്രഷറി ബിൽ നമ്പർ/ തിയതി | തുക | ഇനം |
|---|---|---|
| 1/27.9.17 | 280800 | നെൽവിത്ത് |
| 3/27.9.17 | 176809 | ജൈവവളം |
| 4/27.9.17 | 404525 | നെൽവിത്ത് |
| 7/19.2.18 | 735725 | വളം |
| 8/26.2.18 | 527141 | വളം |
| | 2125000 | |

മേൽപ്രകാരം പാടശേഖരസമിതിക്ക് കൈമാറിയ നെൽവിത്ത്, ജൈവവളം എന്നിവ കർഷകർക്ക് വിതരണം ചെയ്ത രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 2125000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.12/16.3.19)

# 3-16 ഉല്പാദനബോണസ്-കൈമാറിയ തുക പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല

നിർവ്വഹണം-കൃഷി ഓഫീസർ

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ട്രഷറി ബിൽ നം.36/23.3.18 പ്രകാരം 619500/- രൂപ ഉൽപാദനബോണസിനത്തിൽ കൃഷി ഓഫീസറുടെ ടി.എസ്.ബി അക്കൗണ്ട് നം.7131214000013 ലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.ആയതിൽ നിന്നും 545320/- രൂപ നാളിതുവരെ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.ബാക്കി 74180/- രൂപ പഴയന്നൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണബാങ്കിൽ (അക്കൗണ്ട് നം.സി/എ1057 )നീക്കിയിരിപ്പാണ്.ഗുണഭോക്താക്കൾക്കു വിതരണം നടത്താതെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള മേൽ തുക തിരികെ ട്രഷറിയിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.15/20.3.19)

# 3-17 ആസ്തികളുടെ ഉടമസ്ഥാവകാശം ഉറപ്പ് വരുത്താതെ നിർമ്മാണപ്രവൃത്തികൾ നിർവ്വഹിക്കുന്നു

പുതിയ നിർമ്മാണപ്രവൃത്തികൾ നടത്തുമ്പോൾ നിർമ്മാണം നടത്തപ്പെടുന്ന സ്ഥലത്തിന്റേയും

അറ്റക്കുറ്റപ്പണികൾ നടത്തുമ്പോൾ അററക്കുറ്റപ്പണി നടത്തപ്പെടുന്ന ആസ്തിയുടേയും ഉടമസ്ഥാവകാശം ഉറപ്പുവരുത്താതെയാണ് പ്രൊജക്ടുകൾ നടപ്പാക്കുന്നത്. പ്രവൃത്തികളുടെ പ്രൊജക്ട് ഫോറത്തിന്റെ ബന്ധപ്പെട്ട കോളങ്ങളിൽ (ക്രമ നമ്പർ 36,37) ആസ്തി പഞ്ചായത്തിന്റേതാണെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ യുണീക് ഐഡന്റിഫിക്കേഷൻ നമ്പർ,സ്ഥലത്തെ സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ/പേര് | ട്രഷറി ബിൽ നമ്പർ /തിയതി | ചെലവഴിച്ച തുക ₹ |
|---|---|---|---|
| 1. | 120/18, പകൽവീട് നിർമ്മാണം | 110/31.3.18 | 300000 |
| 2. | 117/18, ഖരമാലിന്യ സംസ്കരണപ്ലാന്റിന് ചുറ്റുമതിൽ, അനുബന്ധസൗകര്യങ്ങൾ | 109/28.3.18 | 416503 |
| 3. | 72/18,പഴയന്നൂർ ടൗൺ നടപ്പാത അമ്പലത്തിന് സമീപം ഗ്രിൽ സ്ഥാപിക്കൽ | വൗ.നം.21700438/ 2.8.17<br>വൗ.നം. 21700775/23.10.17 | 106994<br>6485 |

ഇപ്രകാരം ഉടമസ്ഥാവകാശം ഉറപ്പുവരുത്താതെ നിർമ്മാണപ്രവൃത്തികൾ ഏറ്റെടുക്കുന്നത് ഉടമസ്ഥാവകാശം സംബന്ധിച്ച് പരാതികൾ ഉടലെടുക്കുന്നതിന് കാരണമായി തീരുകയും പ്രവൃത്തികൾ തടസ്സപ്പെടുന്നതിനോ ഭാഗികമായി മാത്രം നിർവ്വഹിച്ച് അവസാനിപ്പിക്കുന്നതിനോ ഇടയാക്കുകയും ചെയ്യുന്നു. .

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ആസ്തികളുടെ ഉടമസ്ഥാവകാശം പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ്. വില്ലേജ് രേഖകൾ പരിശോധിച്ച് ഉറപ്പാക്കിയശേഷം അവ ആസ്തി രജിസ്റ്ററിൽ ചേർക്കുകയും പ്രൊജക്ട് രൂപീകരണഫോറത്തിൽ ആസ്തി സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്നത് വഴി പ്രവൃത്തികളുടെ നിർവ്വഹണസമയത്ത് പരാതികൾ ഉടലെടുക്കുന്നത് ഒഴിവാക്കാനാവുന്നതാണ്.

# 3-18 ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

പഞ്ചായത്ത് തൻവർഷം ആർജ്ജിച്ച ഏതാനും ആസ്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ചെലവഴിച്ച തുക | കുറിപ്പുകൾ |
|---|---|---|---|
| 1. | ചക്കത്തുക്കുന്ന് സാംസ്കാരിക നിലയം | 2016-17; ₹600000<br>ട്ര.ബിനം. 46/28.7.17; ₹1241044 ട്ര.ബിൽ നം. 79/16.2.18; ₹402923 | ഈ സാംസ്കാരിക നിലയത്തിന്റെ നിർമ്മാണത്തിനായി 2015-16 ൽ സ്ഥലം വാങ്ങിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റേയും |

| | | | |
|---|---|---|---|
| | | | വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. |
| 2. | 0.002 Ha ഭൂമി | ---- | മുത്തലാംകോട് കുടിവെള്ളടാങ്ക് നിർമ്മാണത്തിനായി ശ്രീ.പ്രമോദ് മുത്തലാംകോട് വിട്ടുനൽകിയ സ്ഥലം |
| 3. | തലക്കുളം കുടിവെള്ളപദ്ധതി | ട്ര.ബി.5/17.6.17; ₹396565 | പുതിയ കുഴൽകിണർ, പമ്പ് ഹൗസ്, മോട്ടോർ പമ്പ് സെറ്റ്, പൈപ്പ് ലൈൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. |
| 4. | കല്ലം കുളമ്പ് കുടിവെള്ളപദ്ധതി | ട്ര.ബി. 40/20.7.17; ₹449862 | " |

പഞ്ചായത്ത് തൻവർഷം നിർമ്മിച്ച/ആർജ്ജിച്ച മേൽ പറഞ്ഞ ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല. ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 22/23.3.19)

# 3-19 സിംഗിൾ ടെണ്ടർ അംഗീകരിച്ചു

മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ നിന്നും കുറെയധികം പ്രവൃത്തികളിൽ സിംഗിൾ ടെണ്ടർ അംഗീകരിച്ചതായാണ് വ്യക്തമാകുന്നത്. ഈ പ്രവൃത്തികൾ മുമ്പ് ടെണ്ടർ ചെയ്തിരുന്നുവോ റീടെണ്ടറിലാണോ സിംഗിൾ ടെണ്ടർ അംഗീകരിച്ചത് എന്നിങ്ങനെയുള്ള വിവരങ്ങളൊന്നും ഫയലിൽ നിന്നും വ്യക്തമല്ല. ടെണ്ടർ അംഗീകരിച്ചതിന്റേയോ റീടെണ്ടർ നടത്തുവാൻ നിശ്ചയിച്ചതിന്റേയോ ഭരണസമിതി തീരുമാനങ്ങൾ ഫയലില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നമ്പർ/പേര് | കരാറുകാരൻ | ട്രഷറി ബിൽ നമ്പർ/ തിയതി; തുക₹ |
|---|---|---|---|
| 1. | 58/18, ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്-ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് റിപ്പയർ | മുഹമ്മദ് ബഷീർ | 61/11.1.17; 1102724 |
| 2. | 127/18, പൊട്ടൻകോട് കുടിവെള്ളപദ്ധതി | എൻ.ഹക്കീം | 71/11.1.18; 88213 |
| 3. | 144/18, കാനാശ്ശേരി കുടിവെള്ളപദ്ധതി | എൻ.ഹക്കീം | 72/11.1.18; 148243 |

മേൽ പ്രവൃത്തികളുടെ ടെണ്ടർ നടത്തിയതിന്റെ വിശദാംശങ്ങളും ഭരണസമിതി തീരുമാനങ്ങളും ലഭ്യമാക്കേണ്ടതാണ്. മരാമത്ത് ഫയലുകളിൽ ടെണ്ടർ/ ഇടെണ്ടർ നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ

സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ട ഭരണസമിതി തീരുമാനങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്.

# 3-20 സേവനനികുതി അടച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല

1.7.2017 ന മുമ്പ് പൂർത്തിയാക്കപ്പെട്ട കെട്ടിട നിർമ്മാണ,അറ്റക്കുറ്റപ്രവൃത്തികളിൽ തൻ വർഷം സേവന നികുതി കരാറുകാർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ കരാറുകാർ സേവനനികുതി രജിസ്ട്രേഷൻ എടുത്തതിന്റേയോ സേവനനികുതി അടച്ചതിന്റേയോ രേഖകൾ ഹാജരാക്കിയില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പർ/ പേര് | കരാറുകാരന്റെ പേര് | സേവന നികുതി (10.5%) | ട്രഷറി ബിൽ നമ്പർ/ ചെലവഴിച്ച തുക |
|---|---|---|---|---|
| 1. | 54/18,സർക്കാർ ആയുർവേദ ആശുപത്രി മെയിന്റനൻസ് | കെ.മുഹമ്മദ് ബഷീർ | 23708.79 | 7/17.6.17; 249507 |
| 2. | 59/18,മിനി ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ് | കെ.മുഹമ്മദ് ബഷീർ | 28325.65 | 8/17.6.17; 298094 |
| 3. | 53/18, കൊടത്തൂർ സബ് സെന്റർ മെയിന്റനൻസ് | കെ.എം.അബ്ദുൾ റഹിമാൻ | 19777.37 | 10/17.6.17; 200000 |

തൻവർഷം സേവനനികുതിയിനത്തിൽ കരാറുകാർക്ക് നൽകിയ തുക അടച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

# 3-21 വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കാനായില്ല

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രൊജക്ടുകളുടെ എണ്ണം | തുക₹ |
|---|---|---|
| രൂപീകരിച്ചത്/ വകയിരുത്തിയത് | 167 | 60939422 |
| നടപ്പാക്കിയത്/ ചെലവഴിച്ചത് | 113 | 35951963 |
| ശതമാനം | 67.66% | 59% |

അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 67% പ്രൊജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. വകയിരുത്തിയ തുകയുടെ 59% ഇതിനായി ചെലവഴിച്ചു. ആകെ വകയിരുത്തിയ 60939422 രൂപയിൽ 35951963 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. കുറഞ്ഞ ഫണ്ട് വിനിയോഗത്തിന് കാരണം വിശകലനം ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 22/23.3.19)

# 3-22 നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടത്തുന്നില്ല

13-ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്) 72/2017/തസ്വഭവ യിലെ ഖണ്ഡിക 14.6 പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ മരാമത്ത് പ്രവൃത്തികളിലൊന്നും ഈ രീതിയിലുള്ള മോണിട്ടറിംഗ് നടത്തുകയോ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 22/23.3.19)

# 3-23 ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല

ആസ്തികളുടെ സംരക്ഷണപ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിന് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശങ്ങളുണ്ടായിരുന്നു. സംരക്ഷണഗ്രാന്റും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണപദ്ധതി ഓരോ തദ്ദേശഭരണസ്ഥാപനവും തയ്യാറാക്കണമെന്ന് 13-ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്) 72/2017/തസ്വഭവ യിലെ ഖണ്ഡിക 13.6(1) ൽ നിഷ്കർഷിച്ചിട്ടുണ്ട്. ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ഹാജരാക്കുവാൻ 23.3.19 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 22 മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കാര്യക്ഷമമായി ആസ്തി സംരക്ഷണപ്രവൃത്തികൾ നിർവ്വഹിക്കാൻ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-24 റോഡ് കണക്റ്റിവിറ്റി പ്ലാൻ,ഭൂപടം എന്നിവ തയ്യാറാക്കിയിട്ടില്ല

ഗതാഗതമേഖലയിലെ പ്രൊജക്ട് നിർവ്വഹിക്കുന്നതിന് ഓരോ തദ്ദേശഭരണസ്ഥാപനവും റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിലെ ഖണ്ഡിക 12.10(1) ൽ അനുശാസിക്കുന്നു. ഓരോ റോഡ് നിർമ്മാണ പ്രവൃത്തിയോടൊപ്പവും റോഡ് കണക്റ്റിവിറ്റി ഭൂപടത്തിൽ പ്രസ്തുത റോഡിന്റെ ഭാഗം അടയാളപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ റോഡ് കണക്റ്റിവിറ്റി ഭൂപടവും പദ്ധതിയും തയ്യാറാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 22/23.3.19)

# 3-25 ഗുണഭോക്തൃസമിതി രൂപീകരണം, പ്രവൃത്തി നിർവ്വഹണം എന്നിവ സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രൊജക്ടിന്റെ നം/ പേര് : 72/18, പഴയന്നൂർ ടൗൺ നടപ്പാത അമ്പലത്തിന് സമീപം ഗ്രിൽ സ്ഥാപിക്കൽ

കൺവീനർ : അയൂബ്

കരാർ : 91/19.9.15

സാങ്കേതികാനുമതി : 543/AEE/LSGD/PZR/15.9.15

ചെലവഴിച്ച തുക : വൗ.നം.21700438/2.8.17;₹106994

വൗ.നം.21700775/23.10.17;₹6485

സംസ്ഥാന ആസൂത്രണ ബോർഡ് 1999 ൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയും തുടർന്ന് പുറത്തിറങ്ങിയ ഉത്തരവുകൾ,സർക്കുലർ നമ്പർ 1/1559/2010/സി.ഇ/തസ്വഭവ/13.11.14 എന്നിവ പ്രകാരം ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട വ്യവസ്ഥകൾ കൺവീനറുമായി ഏർപ്പെട്ട കരാറിലും ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല ഗുണഭോക്തൃസമിതി മുഖേന പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുന്നത് സംബന്ധിച്ച് 1997 ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13 ലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഴയന്നൂർ ടൗൺ നടപ്പാതയിൽ 2 മീറ്റർ , 1 മീറ്റർ വീതിയിൽ 1.30 മീറ്റർ ഉയരത്തിൽ ഗ്രിൽ സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ മേൽ പ്രൊജക്ടിന്റെ ഗുണഭോക്തൃസമിതി രൂപീകരണം , പ്രവൃത്തി നിർവ്വഹണം എന്നിവയിൽ ഈ വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

1. 1997 ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങളിലെ ചട്ടം 13 (2) പ്രകാരം ഒരു പൊതുമരാമത്ത് പ്രവൃത്തി നടപ്പാക്കുന്നതുമൂലം പ്രയോജനം ലഭിക്കുന്ന പ്രദേശത്തെ ജനങ്ങളുടെ ഒരു യോഗം സർക്കാരിന്റെ പൊതുനിർദ്ദേശങ്ങൾക്ക് വിധേയമായും എല്ലാ ഗുണഭോക്താക്കൾക്ക് നോട്ടീസ് നല്കികൊണ്ടും നിർവ്വഹണഉദ്യോഗസ്ഥൻ വിളിച്ചുചേർക്കേണ്ടതും പ്രസ്തുത യോഗത്തിൽ പ്രസ്തുത പ്രദേശത്തെ പഞ്ചായത്തംഗം അദ്ധ്യക്ഷ്യം വഹിക്കേണ്ടതും ആ യോഗത്തിൽ വെച്ച് ഗുണഭോക്താക്തൃസമിതിയെ തെരഞ്ഞെടുക്കേണ്ടതും അതിന് 15 ൽ കവിയാതെയും 7 ൽ കുറയാതെയും അംഗങ്ങളടങ്ങിയ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതും അതിൽ മൂന്നിലൊന്ന് വനിതകളായിരിക്കേണ്ടതും എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ഒരു കൺവീനർ ഉണ്ടായിരിക്കേണ്ടതുമാണ്. എന്നാൽ യോഗത്തിന്റെ മിനിട്സ് സൂക്ഷിച്ചിട്ടുണ്ടെങ്കിലും യോഗം വിളിച്ചുചേർത്തതിന്റെ നോട്ടീസ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. പ്രവൃത്തിക്കാവശ്യമായ സാധനങ്ങൾ വാങ്ങുമ്പോൾ വ്യക്തികളിൽ നിന്നായാലും സ്ഥാപനങ്ങളിൽ നിന്നായാലും സാധനങ്ങളുടെ അളവ്,നിരക്ക്,മൊത്തം വില,തിയതി എന്നിവ രേഖപ്പെടുത്തിയ ക്യാഷ് ബില്ലോ രശീതിയോ വേണം. സിമന്റ്,കമ്പി തുടങ്ങിയ സാധനങ്ങൾ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങാൻ പാടുള്ളൂ. അവ കൂടി പരിശോധിച്ചതിനു ശേഷം വേണം ഫൈനൽ ബിൽ നൽകേണ്ടത്. എന്നാൽ നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ കാഷ് ബിൽ ഹാജരാക്കാതെയാണ് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്.

3. പണമിടപാടുകൾ ഗുണഭോക്തൃസമിതി ചെയർമാന്റെയും കൺവീനറുടേയും പേരിൽ ആരംഭിക്കുന്ന ജോയിന്റ് അക്കൗണ്ടിൽ കൂടി മാത്രമേ നടത്താവൂ.എന്നാൽ ഇപ്രകാരം അക്കൗണ്ട് ആരംഭിച്ചതിന്റെ രേഖകളും ലഭ്യമാക്കിയില്ല.
4. പ്രവൃത്തിക്ക് വേണ്ടി നിയോഗിക്കുന്ന വിവിധയിനം തൊഴിലാളികളുടെ മസ്റ്റർ റോൾ ഹാജരാക്കിയിട്ടില്ല.

ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പാക്കുന്നത് സംബന്ധിച്ച ചട്ടങ്ങളും സർക്കാർ നിർദ്ദേശങ്ങളും പാലിക്കാത്തതിനാൽ മേൽ പ്രൊജക്ടിന് വേണ്ടി നടത്തിയ 113479 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-26 <u>സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ അക്രഡിറ്റഡ് ഏജൻസിയുമായി കരാറിലേർപ്പെട്ടു</u>

പ്രൊജക്ട് നം/ പേര് : 120/18; പകൽവീട് നിർമ്മാണം

അടങ്കൽ : ₹1500000

നിർവ്വഹണ ഏജൻസി : കോസ്റ്റ് ഫോഡ്

കരാർ നം/ തിയതി : 1354/17-18/12.3.18

ചെലവഴിച്ച തുക : ട്രഷറി ബിൽ നം.110/31.3.18;₹300000

13-ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ് ) 72/2017/തസ്വഭവ യിലെ ഖണ്ഡിക 8.5(5)(v) ൽ അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവ്യത്തികൾ നടപ്പിലാക്കുമ്പോൾ ധനവകുപ്പിന്റെ 30.7.14 ലെ ജി.ഒ.(പി)311/2014 ധന നമ്പർ ഉത്തരവിലെ മാർഗ്ഗരേഖകൾ നിശ്ചയമായും അനുവർത്തിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അനുബന്ധമായി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളിൽ പ്രതിപാദിക്കുന്ന പ്രവ്യത്തികൾ മാത്രമേ തദ്ദേശഭരണ സ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കാൻ പാടുള്ളൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ധനവകുപ്പിന്റെ 30.7.14 ലെ ജി.ഒ.(പി)311/2014 ധന നമ്പർ ഉത്തരവിന്റെ അനുബന്ധം 1 ലെ ഖണ്ഡിക (4) അനുസരിച്ച് അക്രഡിറ്റഡ് ഏജൻസികളെ 4 വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്. ചെലവ് കുറഞ്ഞ തനത് സാങ്കേതികവിദ്യ ഉപയോഗിച്ചുവരുന്ന ഏജൻസികളെ ഇതിൽ 4ാമത്തെ (D) വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ഉത്തരവിന്റെ അനുബന്ധം- 11 ലെ നിർദ്ദേശങ്ങൾ പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അവയുടെ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദശങ്ങൾക്കനുസരിച്ച് തനത് സാങ്കേതികവിദ്യ ഉപയോഗിച്ചുവരുന്ന അക്രഡിറ്റഡ് ഏജൻസികളെ ടെണ്ടർ കൂടാതെ പ്രവ്യത്തികൾ നേരിട്ട് ഏൽപ്പിക്കാവുന്നതാണ്. അവ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾ ഏതു സാഹചര്യത്തിലും സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ നിരക്കുകളെക്കാൾ അധികമാകാൻ പാടില്ലാത്തതും എല്ലാ തരം നികുതികളും ഉൾപ്പെടുത്തിയിട്ടുള്ളതുമാകേണ്ടതുമാണ്. തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവ്യത്തികൾക്ക് പ്രസ്തുത വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളാണ് അടിസ്ഥാനമാക്കേണ്ടത്.

തദ്ദേശഭരണസ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസികൾ മുഖേന പൊതുമരാമത്ത് പ്രവ്യത്തികളുടെ നിർവ്വഹണം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ സ.ഉ.(എം.എസ്.)നം.133/07/തസ്വഭവ/18.5.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. കരാറുകാരന്റെ ലാഭവീതം കൂടാതെയാണ് എസ്റ്റിമേറ്റ് തയ്യാക്കേണ്ടത്.

2. നികുതികൾ,കെട്ടിട തൊഴിലാളി ക്ഷേമനിധി വിഹിതം,മാനേജ്മെന്റ് ചാർജ്ജ് മുതലായവ ചെലവുകൾക്കുള്ള തുക എസ്റ്റിമേറ്റിൽ പ്രത്യേകമായി കാണിച്ചിരിക്കണം.

3. നിർമ്മിതി കേന്ദ്രങ്ങൾ,കോസ്റ്റ് ഫോഡ് തുടങ്ങിയ എജൻസികളുടെ തനത് സാങ്കേതികവിദ്യ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവ്യത്തികൾക്ക് ഈ ഏജൻസികൾ നിശ്ചയിച്ചിട്ടുള്ള ഡാറ്റായുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഏജൻസികളുടെ തന്നെ സ്റ്റാൻഡേർഡും സ്പെസിഫിക്കേഷനും അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാവുന്നതാണ്. എന്നാൽ ആകെ മതിപ്പ് ചെലവ് പൊതുമരാമത്ത് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും നിബന്ധനകളും അനുസരിച്ച് തയ്യാറാക്കുമ്പോൾ ലഭിക്കുന്ന എസ്റ്റിമേറ്റ് തുകയെക്കാൾ അധികമാകരുത്.

4. തനത് സാങ്കേതികവിദ്യ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവ്യത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി ജില്ലാ തലത്തിൽ ഒരു പ്രത്യേക സമിതി ഉണ്ടായിരിക്കണം.

5. ചുവടെ പറയുന്ന രീതിയിൽ ഘട്ടം ഘട്ടമായി മാത്രമേ ഏജൻസിക്ക് തുക നൽകാവൂ.

1) ഘട്ടം 1 : കരാറിലേർപ്പെട്ടുകഴിഞ്ഞാൽ പ്രവത്തിക്കുള്ള ഉടമ്പടി തുകയുടെ 20%

2) ഘട്ടം 2,3,4 : മുൻ അഡ്വാൻസുകളുടെ 90% ചെലവഴിച്ചതിനുള്ള വാല്യേഷൻ ചെക്ക് മെഷർ ചെയ്യുന്ന എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്ന മുറക്ക് 20% വീതം

3) ഘട്ടം 5 : മുൻ അഡ്വാൻസുകളുടെ 90% ചെലവഴിച്ചതിനുള്ള വാല്യേഷൻ ചെക്ക് മെഷർ ചെയ്യുന്ന എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്ന മുറക്ക് 10% വീതം

4) ഘട്ടം 6 : പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷം ഫൈനൽ വാല്വേഷൻ ചെക്ക് മെഷർ ചെയ്യുന്ന എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയും ബന്ധപ്പെട്ട എല്ലാ രേഖകളും തദ്ദേശഭരണസ്ഥാപനത്തിന് സമർപ്പിക്കുകയും ചെയ്യുന്ന മുറക്ക് ബാക്കി 10%

എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പകൽവീട് നിർമ്മാണത്തിന് ടെണ്ടർ ചെയ്യാതെ കോസ്റ്റ് ഫോഡുമായി കരാറിലേർപ്പെട്ടിരിക്കുന്നതും തുക നൽകിയിരിക്കുന്നതും. ടെണ്ടർ മുഖേന നിർവ്വഹണം നടത്തുവാനാണ് പ്രൊജക്റ്റ് തയ്യാറാക്കിയതു പ്രകാരം അംഗീകാരം ലഭിച്ചിരിക്കുന്നത്. നിർവ്വഹണം അക്രഡിറ്റഡ് ഏജൻസി മുഖേനയാക്കിയത് സംബന്ധിച്ച് ഭരണസമിതി തീരുമാനമോ ഭേദഗതി വരുത്തിയ പ്രൊജക്ടോ ലഭ്യമായില്ല. പഞ്ചായത്തിന്റെ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 67375/17-18/26.8.17 പ്രകാരം സാങ്കേതികാനുമതി ലഭിച്ചിരുന്നു. ഈ എസ്റ്റിമേറ്റ് തന്നെയാണ് കോസ്റ്റ്ഫോഡിന്റെ എസ്റ്റിമേറ്റ് ആയി കാണിച്ചിരിക്കുന്നത്. കോസ്റ്റ്ഫോഡ് പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ഈ എസ്റ്റിമേറ്റിൽ കരാറുകാരന്റെ ലാഭവിഹിതം, ഓവർഹെഡ് ചാർജ്ജ് എന്നിവ ഉൾപ്പെടുന്നു. മാത്രമല്ല ഇത് തനത് സാങ്കേതികവിദ്യ അനുസരിച്ചിട്ടുള്ള എസ്റ്റിമേറ്റല്ല. തനത് സാങ്കേതികവിദ്യയനുസരിച്ചുള്ള പ്രവൃത്തികൾ മാത്രമേ ടെണ്ടർ കൂടാതെ കോസ്റ്റ് ഫോഡിനെ ഏൽപ്പിക്കാൻ കഴിയുകയുള്ളൂ. എന്നാൽ കരാറിൽ കോസ്റ്റ്ഫോഡ് ചെലവ് കുറഞ്ഞ തനത് സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവൃത്തി ചെയ്യുമെന്നും എസ്റ്റിമേറ്റ് കോസ്റ്റ് ഫോഡ് തന്നെ തയ്യാറാക്കുമെന്നുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

സർക്കാർ ഉത്തരവിന് വിരുദ്ധമായി കോസ്റ്റ്ഫോഡുമായി ഏർപ്പെട്ട കരാറിൽ 50% ആദ്യഗഡു നൽകാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എങ്കിലും ആദ്യഗഡുവായി 300000 രൂപയാണ് തൻവർഷം നൽകിയിരിക്കുന്നത്.

സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി എസ്റ്റിമേറ്റിൽ കരാറുകാരന്റെ ലാഭവിഹിതം,ഓവർഹെഡ് ചാർജ്ജ് എന്നിവ ഉൾപ്പെടുത്തിയതിനാലും തനത് സാങ്കേതികവിദ്യ പ്രകാരമല്ലാത്ത പ്രവൃത്തി ടെണ്ടർ കൂടാതെ ഏൽപ്പിച്ച് നൽകിയതിനാലും കരാറിൽ നിയമാനുസൃതമല്ലാത്ത വ്യവസ്ഥകൾ ഉൾപ്പെടുത്തിയതിനാലും തൻവർഷം നടത്തിയ 300000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പ്രവൃത്തി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-27 ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പൂർണ്ണമല്ല

2017-18 സാമ്പത്തികവർഷം മരാമത്ത് പ്രവൃത്തികൾക്കായി 398ബാരൽ ബിറ്റുമിൻ വി.ജി. 30, 74ബാരൽ SS1 എമൽഷൻ, 33ബാരൽ RS1 എമൽഷൻ എന്നിവ പഞ്ചായത്ത് നേരിട്ട് വാങ്ങി വിവിധ കരാറുകാർക്ക് വിതരണം നടത്തിയിരുന്നു. എന്നാൽ ബിറ്റുമിൻ/എമൽഷൻ സ്റ്റോക്ക് രജിസ്റ്ററിൽ ഓരോ കരാറുകാരനും നൽകിയ ബിറ്റുമിൻ/എമൽഷൻ എന്നിവയുടെ അളവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അവ ഏതെല്ലാം പ്രവൃത്തികളുടെ നിർവ്വഹണത്തിനാണ് അനുവദിച്ചതെന്നോ ഓരോ പ്രവൃത്തിക്കും വേണ്ടി വരുന്ന ബിറ്റുമിൻ/ എമൽഷൻ എന്നിവയുടെ അളവോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ കരാറുകാർക്ക് കൈമാറിയ മുഴുവൻ ബിറ്റുമിൻ/എമൽഷൻ എന്നിവ ഉപയോഗിച്ചിട്ടുണ്ടെന്നോ അവയുടെ വില മുഴുവൻ ഈടാക്കിയിട്ടുണ്ടെന്നോ ഉറപ്പ് വരുത്താനായില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കരാറുകാരൻ | നൽകിയ ബിറ്റുമിൻ (ബാരൽ) | നൽകിയSS1 എമൽഷൻ (ബാരൽ) | നൽകിയ RS1 എമൽഷൻ (ബാരൽ) |
|---|---|---|---|
| ബിജു മാത്യു | 33 | 7 | 3 |
| കെ.എം.റോയ് | 37 | 13 | 3 |
| കെ.എം.അബ്ദുൾഖാദർ | 78 | 5 | 6 |
| കെ.എം.അബ്ബാസ് | 32 | 5 | 2 |
| കെ.കെ.അബ്ബാസ് | 11 | 4 | 1 |
| | | | |

| | | | |
|---|---|---|---|
| കെ.എം.ഹംസ | 54 | 12 | 4 |
| പി.കെ.കൃഷ്ണദാസ് | 7 | 2 | 1 |
| അഭിലാഷ് | 14 | 3 | 1 |
| സി.രാജൻ | 24 | 5 | 2 |
| രതീഷ് | 9 | | 1 |
| കെ.എം.അബ്ദുൾ റഹ്മാൻ | 21 | 3 | 2 |
| ടി.എൻ.പ്രസാദ് | 34 | 4 | 3 |
| റഷീദ് | 23 | 3 | 2 |
| എ.ജി.വിജയകുമാർ | 10 | 4 | 1 |
| കെ.എ.മുഹമ്മദ് ബഷീർ | 11 | 4 | 1 |
| ആകെ | 398 | 74 | 33 |

മേൽപ്രകാരമുള്ള ബിറ്റുമിൻ/എമൽഷൻ ഏതെല്ലാം പ്രവൃത്തികളുടെ നിർവ്വഹണത്തിനാണ് അനുവദിച്ചത് എന്നതിന്റേയും നൽകിയ ബിററുമിൻ,എമൽഷൻ എന്നിവയുടെ തുക മുഴുവനും ഈടാക്കിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# 3-28 കുടിവെള്ളപദ്ധതികൾക്കായി തുടർപ്രൊജക്ടുകൾ രൂപീകരിച്ചിട്ടില്ല

കുടിവെള്ളപദ്ധതികൾ രൂപീകരിക്കുന്നതിന്റെ പ്രാരംഭഘട്ടമെന്ന നിലക്ക് തൻവർഷം കുഴൽകിണറുകൾ നിർമ്മിക്കുന്നതിന് മാത്രം പ്രൊജക്ട് തയ്യാറാക്കുകയും കുഴൽകിണറുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിർമ്മിച്ച കുഴൽകിണറുകളിൽ ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് യീൽഡ് ടെസ്റ്റ് നടത്തുകയോ തുടർപദ്ധതികൾ രൂപീകരിക്കുകയോ ചെയ്തിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നമ്പർ/പേര് | ട.ബി.നമ്പർ/ തിയതി | ചെലവഴിച്ച തുക₹ |
|---|---|---|---|
| 1. | 82/18, വെള്ളാർകുളം മലമ്പതിക്കുന്ന് കുടിവെള്ളപദ്ധതി | 3/17.6.17 | 105627 |
| 2. | 80/18, പാറക്കൽ കുടിവെള്ളപദ്ധതി | 4/17.6.17 | 108680 |
| 3. | 83/18, നരിക്കുണ്ട് കുടിവെള്ളപദ്ധതി | 17/28.6.17 | 106878 |
| 4. | 127/18, പൊട്ടൻകോട് കുടിവെള്ളപദ്ധതി | 71/11.1.18 | 88213 |
| 5. | 81/18, വെള്ളപ്പാറ കുടിവെള്ളപദ്ധതി | 16/28.6.17 | 99276 |
| 6. | 128/18, വെള്ളപ്പാറ കുടിവെള്ളപദ്ധതി | 69/11.1.18 | 93017 |

മേൽ കുടിവെള്ളപദ്ധതികൾ പൂർത്തീകരിക്കാൻ തുടർ പ്രൊജക്ട് രൂപീകരിച്ചതിന്റേയും പദ്ധതികൾ പ്രവർത്തനക്ഷമമായതിന്റേയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# 3-29 റോഡ് സംരക്ഷണഗ്രാന്റുപയോഗിച്ച് മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തികൾ നിർവ്വഹിച്ചു

തദ്ദേശഭരണവകുപ്പിന്റെ 28.11.2012 ലെ സർക്കുലർ നം.68228/എഫ്.എം.1 പ്രകാരം തദ്ദേശഭരണസ്ഥാപനത്തിന് കൈമാറിക്കിട്ടിയ റോഡുകളുടെ അറ്റക്കുറ്റപ്പണികൾ നടത്തിയ ശേഷവും റോഡ് സംരക്ഷണഗ്രാന്റ് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്,ടാറിംഗ്,കോൺക്രീറ്റിംഗ് തുടങ്ങിയ പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്. എന്നാൽ തദ്ദേശഭരണസ്ഥാപനത്തിന്റെ റോഡുകളിലൊന്നും അറ്റക്കുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഏകകണ്ഠമായ തീരുമാനമെടുത്തതിന് ശേഷമായിരിക്കണം സംരക്ഷണഗ്രാന്റ് നിർമ്മാണപ്രവൃത്തികൾക്കും ഉപയോഗിക്കുന്നത്.

പഴയന്നൂർ ഗ്രാമപഞ്ചായത്ത് തൻവർഷം റോഡ് സംരക്ഷണഗ്രാന്റ് ഉപയോഗിച്ച് മെറ്റലിംഗ്,ടാറിംഗ് പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പർ/പേര് | ചെലവഴിച്ച തുക ₹ |
|---|---|---|
| 1. | 18/18, പാലക്കാപറമ്പ് സ്വർണ്ണക്കാവ് റോഡ് മെറ്റലിംഗ് & ടാറിംഗ്--സ്പിൽ ഓവർ | ട്രഷറി ബിൽ നം. 18 /28.6.17 ; 173084/- |
| 2. | 19/18, പറക്കുളം തൃത്താലപ്പാടം റോഡ് മെറ്റലിംഗ് & ടാറിംഗ്-സ്പിൽ ഓവർ | ട്രഷറി ബിൽ നം. 19/28.6.17;311645/- |
| 3. | 248/18, കമ്പൂരപ്പറമ്പ് റോഡ് മെറ്റലിംഗ് &ടാറിംഗ് | ട്രഷറി ബിൽ നം. 89/15.3.18;424671/- |
| 4. | 249/18, പൊറ്റ മസ്ജിദ് റോഡ് മെറ്റലിംഗ് & ടാറിംഗ് | ട്രഷറി ബിൽ നം. 98/23.3.18;424463/ |
| 5. | 252/18, വെള്ളാർകുളം അയ്യപ്പൻകാവ് റോഡ് മെറ്റലിംഗ് &ടാറിംഗ് | ട്രഷറി ബിൽ നം. 76/16.2.18;344571/- |

റോഡ് സംരക്ഷണഗ്രാന്റുപയോഗിച്ച് മെറ്റലിംഗ്, ടാറിംഗ് തുടങ്ങിയ പ്രവൃത്തികൾ ചെയ്യുന്നത് സംബന്ധിച്ച ഭരണസമിതിയുടെ ഏകകണ്ഠമായ തീരുമാനം ലഭ്യമാക്കേണ്ടതാണ്.

# 3-30 എസ്.സി. ഭവന റിപ്പയർ - ഗുണഭോക്താവിനെ സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി
പ്രൊജക്റ്റ് നമ്പർ – 98/18 – ഭവന റിപ്പയർ – എസ്.സി. (സ്പിൽ ഓവർ)
ചെലവു തുക – 5,25,000/-

മേൽപ്പറഞ്ഞ പ്രൊജക്ടിന്റെ ഭാഗമായി ട്രഷറി ബിൽ ബുക്ക് പ്രകാരം താഴെ പറയുന്ന ബില്ലുകൾ മാറിയതായി കാണുന്നു.

| ബിൽ | തുക | വിശദാംശം |
|---|---|---|

| | | |
|---|---|---|
| നമ്പർ/ തിയതി | | |
| 12/29.11.17 | 10000/- | ആർക്ക നൽകി എന്നത് വ്യക്തമാക്കുന്നതിന് ബിൽ കോപ്പി ഹാജരാക്കിയില്ല. |
| 26/07.03.18 | 15000/- | ബിൽ കോപ്പിയിൽ മേൽ തുക സരസ്വതി.കെ.ആർ., അക്കൗണ്ട് നമ്പർ 433500 17000 45262ലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. എന്നാൽ മേൽ ഗുണഭോക്താവിനെ സംബന്ധിച്ച് ഗുണഭോക്തൃ രജിസ്റ്ററിൽ പേര് രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്താവിന്റെ അർഹത തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ അടങ്ങിയ ഫയലും ഹാജരാക്കിയിട്ടില്ല. |

അസിസ്റ്റന്റ് സെക്രട്ടറി കാഷ് ബുക്ക്, പ്രൊജക്ട് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല. മേൽപ്പറഞ്ഞ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവു തുക 25,000/- രൂപ തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി നമ്പർ 17/20.03.19)

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പഴയന്നൂർ | | 2017-18 | 300000 | S025/18 കുമ്പളക്കോട് മെയിൻ റോഡ് ടാറിംഗ് | 280068 | 19932 |
| ബ്ലോക്ക് പഞ്ചായത്ത്, പഴയന്നൂർ | | 2017-18 | 200000 | S0220/18സമഗ്ര ക്ഷീര വികസനം | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, പഴയന്നൂർ | | 2017-18 | 300000 | S0227/18 നെൽകൃഷിക്ക് കൂലിചെലവ് | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, | | 2017-18 | 197000 | S0271/18 ഭവനം വാസയോഗ്യമാക്കൽ | 0 | 197000 |

| | | | | | | |
|---|---|---|---|---|---|---|
| പഴയന്നൂർ | | | | -എസ്.ടി | | |
| ആകെ | | | 997000 | | 780068 | 216932 |
| ജില്ലാ പഞ്ചായത്ത് | | 2017-18 | 1900000 | So220/18 -സമഗ്ര ക്ഷീര വികസനം | 1900000 | 0 |
| ആകെ | 0 | | 1900000 | | 1900000 | 0 |

ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി നീക്കിയിരിപ്പ് കാണിച്ചിരിക്കുന്ന 1,97,000/- രൂപ യഥാർത്ഥത്തിൽ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് സംയുക്ത പ്രൊജക്റ്റായ എസ്.ടി. ഭവന നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്തിന് കൈമാറിയ തുകയാണ്. 2018-19 വാർഷിക കണക്കിൽ ആയത് തിരുത്തൽ വരുത്തേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|
| KSEB പഴയന്നൂർ | So 232/18 സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | 21701406 | 413530 | 0 | 413530 | |
| KSEB പഴയന്നൂർ | So 272/18 എളനാട്സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | 21701473 | 297320 | 297320 | 0 | |
| കോസ്റ്റ് ഫോർഡ് | ആർദ്രം – പി.എച്ച്.സി. മെയിന്റനൻസ് | ട്രഷറി ബിൽ നമ്പർ 19/28.10.17 | 1000000 | 0 | 1000000 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന നിർമ്മാണ പദ്ധതി വായ്പ | ജി.ഒ.(ആർ.ടി)800/2010/ ത.സ്വ.ഭ.വ, തിയതി.09.03.2010 | 10862500 | 888425 | 888425 | 0 | 0 |

# 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 619412 |
| തൻവർഷം നിക്ഷേപിച്ച തുക | 500000 |
| പലിശ | 65297 |
| ആകെ | 1184709 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 11098 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1173611 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങൾ

| നിക്ഷേപത്തിന്റെ വിവരം | തുക | അക്കൗണ്ട് നമ്പർ |
|---|---|---|
| സ്ഥിര നിക്ഷേപം തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്, പഴയന്നൂർ ശാഖ | 673611 | 80012284084 |
| തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് , പഴയന്നൂർ ശാഖ | 500000 | 80011867690 |
| ആകെ | 1173611 | |

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ താഴെ പറയുന്ന രൂപ ഈടാക്കിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തിയതി |
|---|---|---|---|---|
| 2015-16 | 2.8 | 4320 | പി.ബി.വിനോദ്, അന്നപൂർണ്ണേശ്വരിസൂപ്പർ മാർക്കറ്റ് | 117050108424/ 12.02.2018 |
| 2016-17 | 2.5 | 9680 | എ.ജി.മാധവൻ, നിളാ മെറ്റൽസ് ലിമിറ്റഡ് | 117050102431/ 01.04.2017 |
| 2015-16 | | 29821 | ഡെപ്യൂട്ടി ഡയറക്ടർ , സി-ഡിറ്റ് | 117050500024/ 17.07.2017 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2015-16 | 2-8(1) | 2016-17 | | 3 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | അടവാക്കി |
| 2015-16 | 2-8(2) | 2016-17 | | 4 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | അടവാക്കി |
| 2015-16 | 2-8(3) | 2016-17 | | പൊതു അപാകതകൾ -തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് അടവാക്കാത്തത് സംബന്ധിച്ച് | നടപടികൾ സ്വീകരിച്ച് വരുന്നു. |

# 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ലഭ്യമല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 105911666 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 105156079 |
| വരവിനങ്ങളിലുള്ള നഷ്ടം | 17220 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 101058 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6076130 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 9680 | | ശ്രീ.ചന്ദ്രൻ.ആർ., സെക്രട്ടറി |
| 2-3 | 7540 | - | ശ്രീ.ചന്ദ്രൻ.ആർ, സെക്രട്ടറി |
| 3-3 | - | 28858 | ശ്രീ.ആർ.രാജീവ്, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) |
| 3-5 | - | 22200 | ശ്രീ.ആർ.രാജീവ് , അസിസ്റ്റന്റ് സെക്രട്ടറി |
| 3-7 | - | 50000 | ശ്രീ.ആർ.രാജീവ് , അസിസ്റ്റന്റ് സെക്രട്ടറി |

| | | | |
|---|---|---|---|
| | | | |
| | 17220 | 101058 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(1) മുതൽ (5) വരെ | 575000 | ആർ.ചന്ദ്രൻ, സെക്രട്ടറി |
| 3-1(6) | 1200000 | ആർ.രാജീവ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 1200000 | ആർ.രാജീവ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-12 | 537651 | ആർ.ചന്ദ്രൻ, സെക്രട്ടറി |
| 3-15 | 2125000 | ജോസഫ് ജോൺ തൈറാട്ടിൽ, കൃഷി ഓഫീസർ |
| 3-25 | 113479 | ശ്രീ.ഹരികൃഷ്ണൻ, അസി.എഞ്ചിനീയർ |
| 3-26 | 300000 | ശ്രീമതി.ക്ലീനാമ്മ, അസി.എഞ്ചിനീയർ |
| 3-30 | 25000 | ആർ.രാജീവ്, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 6076130 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ആർ.രാജീവ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കിഴപറമ്പ ഗ്രാമപഞ്ചായത്ത് | ബ്ലോക്ക് 26, ഇ2-സ്റ്റാർ അപ്പാർട്ട്മെന്റ് അനക്സ്, തെക്കുംഭാഗം, തൃപ്പൂണിത്തുറ, എറണാകുളം |
| ആർ.ചന്ദ്രൻ, സെക്രട്ടറി | കവിയൂർ ഗ്രാമപഞ്ചായത്ത് | വൈശാഖം, അയർക്കുന്നം.പി.ഒ., കോട്ടയം |

# 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 77-78 | എൽ.എഫ്.ടി.എസ്.2-906/11 /18.7.11 |
| 80-81 | -ടി- |
| 81-82 | -ടി- |
| 82-83 | -ടി- |
| 83-84 | -ടി- |
| 84-85 | -ടി- |
| 86-87& 87-88 | -ടി- |
| 88-89 | |
| 89-90 | -ടി- |
| 99-00 മുതൽ 01-02 വരെ (പ്ലാൻ) | എൽ.എഫ്.ടി.10/1079/2003.തീ.9.4.04/14.9.04 |
| 90-91 മുതൽ 95-96 വരെ | എൽ.എഫ്.ടി.പി.10/304/2008.തീ.9.7.09 |
| 96-97 ചെലവ് | എൽ.എഫ്.ടി.പി-4/185 തീ.13.3.14/5.4.14 |
| 97-98 ചെലവ് | |
| 97-98 വരവ് | |
| 98-99 വരവ് | |
| 98-99 ചെലവ് | |
| 99-2000, 2000-2001 ( | |

| | |
|---|---|
| ജനകീയാസൂത്രണം | |
| 99-2000 | |
| 2000-2001 | |
| 2001-02 | |
| 98-99 | എൽ.എഫ്.ടി.പി.10-307/08 തീ.14.7.09 |
| 99-2000 | എൽ.എഫ്.ടി.പി.10-308/08 തീ.14.7.09 |
| 2000-2001 | എൽ.എഫ്.ടി.പി.10-309/08 തീ.14.7.09 |
| 2001-2002 | |
| 2002-2003 | എൽ.എഫ്.ടി.പി.10-1265/08 തീ.7.9.09 |
| 2003-2004 | എൽ.എഫ്.ടി.പി.10-1266/08 തീ.7.9.09 |
| 2004-05 | എൽ.എഫ്.ടി.പി.10-195/09 തീ.25.6.10 |
| 2005-06 | എൽ.എഫ്.ടി.പി.10-1348/09 തീ.28.7.10 |
| 2006-2007 | എൽ.എഫ്.ടി.പി.10-1336/09 തി.29.7.10/10.12.10 |
| 2007-08 | എൽ.എഫ്.ടി.പി.-4.956/12 തി.2.8.12/5/11/12 |
| 2008-2009 | എൽ.എഫ്.ടി.പി.4-957/12 തി.2.8.12/5/11/12 |
| 2009-2010 | എൽ.എഫ്.ടി.പി.4.958/12 തി.2.8.12/5/11/12 |
| 2010-2011 | എൽ.എഫ്.ടി.പി.4.959/12 തി.2.8.12/ 5/11/12 |
| 2011-12 | എൽ.എഫ്.ടി.പി.4.1151/13 തി.4.12.13/5.2.14 |
| 2012-13 | എൽ.എഫ്.ടി.പി.4.631/14 തി.8.10.14/8.12.14 |
| 2013-14 | എൽ.എഫ്.ടി. (പി4)186/15 തി, 7-5-2015 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ/ പി4/996/ 16,25.06.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ/ പി4/1934/16, തീ.5.11.16/5.12.16 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ/ പി4/1111/2017, തീ.30.08.17 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

# അനുബന്ധം-1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ(പി4)771/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020
ഫോൺ- 0487 2331249
e-mail: dotsr.ksad@kerala.gov.in

തീയതി 01.06.2019

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ **പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ** 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ** 2017-18 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം-2

# ഓഡിറ്റ് സംക്ഷിപ്തം

| | സംക്ഷിപ്തം (AuditedAbstract) |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ